SYRO-MALABAR VISION
AN OFFICIAL NEWSLETTER OF SYRO-MALABAR CHURCH

# സീറോമലബാർ വിഷൻ

ഓഗസ്റ്റ് 2023 | പുസ്തകം 02 | ലക്കം 06 സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## സീറോമലബാർ സഭാസിനഡ് ഓഗസ്റ്റ് 21 മുതൽ 26 വരെ

കാക്കനാട്: സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മുപ്പതിയൊന്നാമത് മെത്രാൻ സിനഡിന്റെ മൂന്നാം സമ്മേളനം 2023 ഓഗസ്റ്റ് 21ന് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിക്കുന്നു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തും സേവനം ചെയ്യുന്നവരും അജപാലന ശുശ്രൂഷയിൽ നിന്നു വിരമിച്ചവരുമായ വൈദികമേലദ്ധ്യക്ഷൻ മാർ സിനഡിൽ പങ്കെടുക്കും. എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടിയുള്ള മാർപാപ്പയുടെ പ്രതിനിധി ആർച്ച്ബിഷപ് സിറിൽ വാസിൽ സിനഡിനെ അഭിസംബോധന ചെയ്യും. 26-ാം തിയതി ശനിയാഴ്ച സിനഡ് സമ്മേളനം സമാപിക്കും.

## സീറോമലബാർ സഭാംഗങ്ങൾ ഇനി മുതൽ സീറോമലബാർ സിറിയൻ കാത്തലിക്

തിരുവനന്തപുരം: മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച 164 സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാമതുള്ള സിറിയൻ കാത്തലിക് (സീറോമലബാർ കാത്തലിക്) എന്നത് സീറോമലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റി. ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കി. സീറോമലബാർസഭയിലെ ക്നാനായ കാത്തലിക്, ദളിത് കാത്തലിക്, നാടാർ കാത്തലിക് എന്നിവർ ഒഴികെയുള്ള അംഗങ്ങളെ സൂചിപ്പിക്കുന്നതിനാണ് സീറോമലബാർ സിറിയൻ കാത്തലിക് എന്ന പേര്.

## ആർച്ചുബിഷപ്പ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റ്

പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ മുൻ സെക്രട്ടറിയും സ്ലൊവാക്യായിലെ ഗ്രീക്ക് കത്തോലിക്കാസഭയുടെ കൊസിഷെ രൂപതാധ്യക്ഷനുമായ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. സീറോമലബാർസഭയിലെ മറ്റു രൂപതകളിലെല്ലാം നടപ്പിലാക്കിയ സിനഡുതീരുമാനമനുസരിച്ചുള്ള ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു രൂപപ്പെട്ട പ്രതിസന്ധി പഠിക്കുന്നതിനും പരിഹാരമാർഗം നിർദേശിക്കുന്നതിനുമാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തന്റെ



പ്രത്യേക പ്രതിനിധിയായി ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ നിയോഗിച്ചിരിക്കുന്നത്. മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി പേപ്പൽ ഡെലഗേറ്റു പ്രവർത്തിക്കുമ്പോഴും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണനിർവഹണചുമതല ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് തുടർന്നും നിർവഹിക്കുന്നതാണ്.

ഓഗസ്റ്റ് 4ന് എത്തിച്ചേർന്ന അദ്ദേഹത്തെ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ സീറോമലബാർസഭയുടെ കൂരിയാ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവും മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയാ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ വികാരി ജനറൽമാരായ ഫാ. വർഗീസ് പൊട്ടയ്ക്കലും ഫാ. ആന്റണി പെരുമായനും ചേർന്ന് സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കാനൻനിയമ പ്രൊഫസറും ഈശോസഭാംഗവുമായ ബഹു. സണ്ണി കൊക്കരവാലയിൽ അച്ചനും പൊന്തിഫിക്കൽ ഡെലഗേറ്റിനോടൊപ്പം എത്തിച്ചേർന്നിട്ടുണ്ട്. ഇരുവരും CMI സമർപ്പിത സമൂഹത്തിന്റെ ജനറലേറ്റായ ചാവറ ഹിൽസിൽ താമസിച്ച് ശുശ്രൂഷ നിർവ്വഹിക്കുന്നു.

## ആത്മീയചൈതന്യവും കാര്യക്ഷമതയുമുള്ള സഭാശുശ്രൂഷകരാകുക – കർദിനാൾ മാർ ആലഞ്ചേരി



കാക്കനാട്: വിശ്വസ്തതയോടും കാര്യക്ഷമതയോടും ആത്മീയചൈതന്യത്തോടും കൂടി സഭാശുശ്രൂഷയിൽ പങ്കുകാരാകണമെന്ന് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് കമ്മീഷൻ സെക്രട്ടറിമാരെ ഉദ്ബോധിപ്പിച്ചു. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയുടെ വിവിധ കമ്മീഷനുകളിലെയും കമ്മിറ്റികളിലെയും മറ്റ് അനുബന്ധ ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും സെക്രട്ടറിമാരുടെയും ഭാരവാഹികളുടെയും സംയുക്ത യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ കമ്മീഷൻ സെക്രട്ടറിമാരും മറ്റ് ഭാരവാഹികളും 2022-23 പ്രവർത്തനവർഷത്തെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ഭാവി പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് കുടുംബങ്ങൾക്കും അല്മായർക്കും ജീവനും വേണ്ടിയുള്ള കമ്മീഷന്റെ സെക്രട്ടറി ഫാ. ജോബി മൂലയിൽ നന്ദി പറഞ്ഞു. സഭയുടെ വിവിധ പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 42 പേർ യോഗത്തിൽ പങ്കുചേർന്നു.

# സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

### കണ്ണീരുണങ്ങാത്ത മണിപ്പൂർ

'സ്ത്രീകൾക്ക് ഏത് അർദ്ധരാത്രിയിലും വഴിനടക്കാൻ കഴിയുന്ന ഇന്ത്യയാണ് എന്റെ സ്വപ്നം' എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ സ്വാതന്ത്ര്യം ലഭിച്ച് 76 വർഷങ്ങൾ പിന്നിടുമ്പോഴും കേവലം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു എന്നതാണ് മണിപ്പൂരിൽ നിന്നും പുറത്തുവരുന്ന വാർത്തകൾ വെളിപ്പെടുത്തുന്നത്. അർദ്ധരാത്രിയിലെന്നല്ല നട്ടുച്ചയ്ക്ക് പോലും ഭാരത സ്ത്രീത്വം അപമാനിക്കപ്പെടുകയും വസ്ത്രാക്ഷേപം ചെയ്യപ്പെടുകയും മാനഭംഗത്തിനിരയാവുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു എന്നതും നടപടികൾ എടുക്കേണ്ട ഭരണാധികാരികൾ നിരുത്തരവാദപരമായി പ്രശ്നങ്ങളെ ലളിതവത്കരിക്കുകയും നിഷ്ക്രിയരാവുകയും ചെയ്യുന്നത് ഏറെ ഭയപ്പെടുത്തുന്നു. മൂന്നുമാസക്കാലമായി മണിപ്പൂരിൽ തുടരുന്ന കലാപങ്ങളിൽ സമയബന്ധിതമായി നടപടികൾ എടുത്തിരുന്നെങ്കിൽ സ്ത്രീകളെ നഗ്നരാക്കി നടത്തുകയും കൂട്ടബലാത്സംഗത്തിന് ഇരയാക്കുകയും ചെയ്യുന്ന ക്രൂരത ഒഴിവാക്കാമായിരുന്നു. 'എന്റെ രാജ്യത്തെ അന്ന് ഞാൻ സംരക്ഷിച്ചു. ഇന്ന് എന്റെ ഭാര്യയെ സംരക്ഷിക്കാൻ എനിക്ക് കഴിഞ്ഞില്ല' എന്നത് മണിപ്പൂരിൽ കലാപകാരികൾ റോഡിലൂടെ നഗ്നരാക്കി നടത്തിയ രണ്ടു സ്ത്രീകളിൽ ഒരാളുടെ ഭർത്താവായ മുൻ സൈനികന്റെ നിസ്സഹായതയുടെ വാക്കുകളാണ്. മൃഗങ്ങളെപോലെയാണ് ആൾക്കൂട്ടം പെരുമാറിയതെന്നും അവരെ നിയന്ത്രിക്കേണ്ട പോലീസ് കാഴ്ചക്കാരായി നിന്നെന്നും കാർഗിൽ യുദ്ധത്തിൽ രാജ്യത്തിൻറെ യശസ്സുയർത്താൻ പാടുപെട്ട അസം റെജിമെന്റിലെ സുബേദാറായിരുന്ന അദ്ദേഹം പറഞ്ഞു.

മണിപ്പൂർ കലാപങ്ങളെ അപലപിക്കാനോ സമാധാനം പുനഃസ്ഥാപിക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കാനോ തയ്യാറാകാത്തത് ഭരണാധികാരികളുടെ ആത്മാർത്ഥതയെ സംശയനിഴലിലാക്കുന്നു. ഗുരുതരമായ ഇത്തരം വിഷയങ്ങളെ നിസ്സംഗതയോടും അലക്ഷ്യമായും സമീപിക്കുന്നത് തികച്ചും അപലപനീയമാണ്. 'ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടരുതെന്നും സർക്കാർ തുടക്കത്തിൽ തന്നെ നടപടി സ്വീകരിക്കണമായിരുന്നെന്നും' മണിപ്പൂരിലെ മനുഷ്യാവകാശപ്രവർത്തക ഇറോം ശർമിള പറഞ്ഞ വാക്കുകൾ മുഖവിലക്കെടുക്കേണ്ടവയാണ്. സംവരണ പ്രക്ഷോഭത്തിൽനിന്ന് വംശഹത്യയിലേക്ക് കലാപത്തെ എത്തിച്ചത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സംഗതയാണെന്ന് പറയാതെ വയ്യ. പോലീസിനെ കാഴ്ചക്കാരാക്കി ഭൂരിപക്ഷമായ മെയ്തെയ് സായുധ കലാപകാരികൾ സംഘടിതമായി സ്വഗോത്രത്തിലും ന്യൂനപക്ഷമായ കുക്കി ഗോത്രത്തിലുംപ്പെട്ട ക്രൈസ്തവരെ ആക്രമിക്കുകയും ആരാധനാലയങ്ങൾ തകർക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്യുന്നു. സർക്കാരിന്റ തന്നെ കണക്കനുസരിച്ച് കലാപം ആരംഭിച്ച് 36 മണിക്കൂറിനകം 247 ക്രിസ്ത്യൻ ദേവാലയങ്ങൾ തകർക്കപ്പെടുകയും, നാളിതുവരെ 167 പേർ കൊല്ലപ്പെടുകയും അമ്പത്തയ്യായിരത്തോളം പേർ വീട് നഷ്ടപ്പെട്ട് അഭയാർഥികളായി കാടുകളിൽ അഭയം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.

മണിപ്പൂരിൽ വംശീയ വിദ്വേഷം ഉണ്ടായിരുന്നിരിക്കാം. പക്ഷെ, ഇത്തവണ അവരുടെ ആയുധങ്ങളിൽ വർഗ്ഗീയതയുടെയും വിഷം പുരട്ടി കൂടുതൽ വിനാശകരമാക്കാൻ ഗൂഢമായ ശ്രമം നടന്നിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യത്വം മരവിച്ചുപോകുന്ന ഇത്തരം കാഴ്ചകളും വാർത്തകളും നമ്മുടെ രാജ്യത്തെ വല്ലാതെ വികലമാക്കുന്നുണ്ട്. മാനഭംഗത്തിനിരയായവരും അക്രമിക്കപ്പെട്ടവരും കൊലചെയ്യപ്പെട്ടവരും ഏത് മതവിഭാഗമാണെന്നതോ ഏത് ഗോത്രമാണെന്നതോ അല്ല പ്രശ്നം; അവരും മനുഷ്യരാണ്... ഇന്ത്യക്കാരാണ്. വംശീയ പ്രശ്നങ്ങളിൽ വർഗ്ഗീയതയും വിദ്വേഷവും കൂട്ടിക്കലർത്തി വഷളാക്കുന്ന ശക്തികൾക്കെതിരെ പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. രാജ്യത്തിന്റെ ഐക്യവും സുരക്ഷയും സാഹോദര്യവും സമാധാനവും ഊട്ടിയുറപ്പിക്കാൻ ജനാധിപത്യ സർക്കാരുകൾക്ക് കഴിയട്ടെ. ഇനിയൊരു മണിപ്പൂർ ആവർത്തിക്കപ്പെടാതിരിക്കട്ടെ!



**ഫാ.ഡോ. ആന്റണി വടക്കേകര വി.സി.**
**ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ**




സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

email: syromalabarvision@gmail.com
whatsapp: +91 8089552280

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAR GEORGE CARDINAL ALENCHERRY
MAJOR ARCHBISHOP

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

CONSULTANTS
DR. CHACKO KALAMPARAMBIL
DR. KOCHURANI JOSEPH
ADV. AGI JOSEPH

CHIEF EDITOR
FR. DR. ANTONY VADAKKEKARA VC
P.R.O. & SECREATRY, MEDIA COMMISSION

ASSOCIATE EDITOR
FR. DR. PRAKASH MATTATHIL
VICE CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
EBY THOMAS
OFFICE STAFF, MEDIA COMMISSION

## മണിപ്പൂർ വിഷയത്തിൽ സർക്കാരിന് തുറന്ന കത്തുമായി മാർ പ്രിൻസ് ആന്റണി

# 'ഇന്ത്യയുടെ ആത്മാവ് ആഴത്തിൽ മുറിവേറ്റിരിക്കുന്നു'




ഹൈദരാബാദ്: മണിപ്പൂർ വിഷയത്തിൽ കേന്ദ്ര സർക്കാരിനും മണിപ്പൂർ സംസ്ഥാന സർക്കാരിനും തുറന്ന കത്തുമായി അദിലാബാദ് രൂപതാധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ. ഇന്ത്യയുടെ ആത്മാവ് ആഴത്തിൽ മുറിവേറ്റിരിക്കുന്നു. അമ്മയെ ദൈവത്തെപ്പോലെ ബഹുമാനിക്കേണ്ട പുണ്യഭൂമിയിൽ നിസ്സഹായരായ രണ്ട് സ്ത്രീകളെ നഗ്നരാക്കി ജനക്കൂട്ടം വളയുകയും ലൈംഗികമായി ആക്രമിക്കുകയും ചെയ്തത് നഗ്നമായ മനുഷ്യാവകാശ ലംഘനമാണെന്ന് കത്തിൽ ചൂണ്ടിക്കാട്ടുന്നു. ഇത്തരമൊരു കുറ്റകൃത്യത്തിന്റെ പരസ്യ പ്രകടനം മേഖലയിൽ നിലനിൽക്കുന്ന നിയമ ലംഘനത്തിന്റെ പാരമ്യത്തെയാണ് വെളിപ്പെടുത്തുന്നതെന്ന് കത്തിൽ വ്യക്തമാക്കുന്നു.

മൂന്നു മാസത്തിലേറെയായി കത്തിക്കൊണ്ടിരിക്കുന്ന മണിപ്പൂരിൽ നിന്ന് മെയ് നാലിന് രണ്ട് സ്ത്രീകൾക്ക് നേരെ നടത്തിയ ലജ്ജാകരവും ഞെട്ടിപ്പിക്കുന്നതുമായ വീഡിയോകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. സംഭവം നടന്ന് രണ്ട് മാസം കഴിഞ്ഞിട്ടും ഈ ഭീകരമായ കുറ്റകൃത്യം നടത്തിയവരെ മുഴുവൻ ഇതുവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നത് സ്ഥിതിഗതികളുടെ ഗൗരവം വർധിപ്പിക്കുന്നു. പൊതുസ്ഥലത്ത് നടത്തിയ നികൃഷ്ടമായ കുറ്റകൃത്യവും അതിന്റെ വീഡിയോ ചിത്രീകരണവും രാജ്യത്തെ ജനാധിപത്യത്തിനും ക്രമസമാധാനത്തിനും ഗുരുതരമായ ഭീഷണിയാണെന്ന് ബിഷപ്പ് പ്രിൻസ് ആന്റണി ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല, കുറ്റവാളികളുടെ ഭയാനകമായ നിലവിളിയും ചിരിയും ഇന്ത്യൻ ഭരണഘടനയെ അപമാനിക്കുന്നതാണ്. രാജ്യത്തിന്റെ മറ്റേതൊരു ഭാഗത്തും ഇത് ആവർത്തിക്കാതിരിക്കാൻ, വ്യത്യാസമില്ലാതെ ഇന്ത്യയിലെ എല്ലാ ഉത്തരവാദിത്തമുള്ള പൗരന്മാരും ഇതിനെതിരെ അപലപിക്കണമെന്നും കത്തിൽ വ്യക്തമാക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പൊലീസ് വകുപ്പിന്റെയും ഭാഗത്ത് നിന്ന് ഉടനടി കർശനമായ നടപടികളില്ലാത്തത് മണിപ്പൂരിലെ അക്രമങ്ങൾക്ക് ഇന്ധനം പകരുന്നതിന് തുല്യമാണെന്ന് താൻ വിശ്വസിക്കുന്നതായും ബിഷപ്പ് വ്യക്തമാക്കുന്നു. സംസ്ഥാനത്ത് നീണ്ടുനിൽക്കുന്ന അക്രമങ്ങളിൽ മതപരമായ ഘടകങ്ങൾക്കൊന്നും പങ്കില്ലെന്ന് സാധാരണക്കാരെ ബോധ്യപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട അധികാരികളുടെ മികച്ച വിശദീകരണങ്ങൾ പോലും പരാജയപ്പെടുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ഇത് എല്ലാ അർത്ഥത്തിലും മതപരമായ പീഡനമാണ്. ക്രിസ്ത്യാനികൾ കൂടുതൽ കൊല്ലപ്പെടുകയും കുടിയിറക്കപ്പെടുകയും പള്ളികൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നത് ഈ അക്രമങ്ങളെല്ലാം ക്രിസ്ത്യാനികളെ ലക്ഷ്യമിടുന്നുവെന്നതിന് വ്യക്തമായ തെളിവാണെന്നും കത്തിൽ വ്യക്തമാക്കുന്നു.

വംശീയ സംഘട്ടനങ്ങളുടെ ഫലമായി ഇപ്പോഴത്തെ അക്രമത്തെ വിവരിക്കാനുള്ള ദുരുദ്ദേശ്യത്തോടെയുള്ള ശ്രമങ്ങൾ പീഡകർക്ക് ലജ്ജയില്ലാതെ അക്രമം തുടരാനുള്ള സാഹചര്യം വീണ്ടും ഒരുക്കിക്കൊടുക്കുന്നു.

▸▸ പേജ് 05



## എസ്.എം.വൈ.എം. ആഗോള യുവജന സംഗമം



ലിസ്ബൺ: ഓഗസ്റ്റ് ഒന്നു മുതൽ ആറു വരെ പോർച്ചുഗലിലെ ലിസ്ബണിൽ നടന്ന ലോക യുവജന സമ്മേളനത്തിൽ സീറോമലബാർസഭയുടെ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എമ്മിൽ നിന്നും ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിന്റെ ആത്മീയനേതൃത്വത്തിൽ ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുമായി 16 പേർ സമ്മേളനത്തിൽ പങ്കാളികളായി.

മാർപാപ്പ വിളിച്ചുചേർത്ത ആഗോള യുവജന സമ്മേളനത്തിന് മുന്നോടിയായി പോർച്ചുഗലിലെ ഗ്രാമ പ്രദേശമായ ബേജാ രൂപതയിൽ നടന്ന യുവജനങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടിയായ 'ഡേയ്സ് ഇൻ ഡയോസിസ്' പരിപാടിയിലും സംഘം സംബന്ധിച്ചു. ആറു ദിവസം നീണ്ടുനിന്ന ഈ പരിപാടിക്ക് ശേഷം പരി. അമ്മയുടെ തീർത്ഥാടന കേന്ദ്രമായ ഫാത്തിമയും സന്ദർശിച്ചതിനുശേഷമാണ് സംഘം ആഗോള യുവജന സമ്മേളനത്തിനായി ലിസ്ബണിൽ എത്തിച്ചേർന്നത്. എസ്.എം.വൈ.എമ്മിന്റെ ആഗോള യുവജനസംഗമവും ഈ പരിപാടിയോടൊപ്പം സംഘടിപ്പിച്ചു. മെൽബൺ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് കല്ലുവേലിൽ (കാനഡ), മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ), മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി) എന്നിവർ പങ്കെടുത്തു.

ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുമായി പങ്കെടുത്ത വൈദീകരും യുവജനങ്ങളുമടങ്ങുന്ന സംഘത്തിന് എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്തറ, പ്രഥമ പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട് എന്നിവർ നേതൃത്വം നൽകി. ലക്ഷക്കണക്കിന് യുവജനങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

## സിനഡ് അംഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു

വത്തിക്കാൻ: സിനഡാത്മകതയെക്കുറിച്ച് ഒക്ടോബറിൽ വത്തിക്കാനിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം ഇന്നലെ പ്രസിദ്ധീകരിച്ചു. ആകെ 364 പേർ പങ്കെടുക്കുന്ന സിനഡിൽ പത്തുപേരാണ് ഇന്ത്യയിൽനിന്നുള്ളത്.

സീറോമലബാർസഭയിൽനിന്ന് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി, സീറോമലങ്കര സഭയിൽനിന്ന് മേജർ ആർച്ച്ബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, ലത്തീൻസഭയിൽനിന്ന് കർദിനാൾ ഡോ.ഫിലിപ്പ് നേരി ഫെറാവോ, കർദിനാൾ അന്തോണി പൂല, ആർച്ച്ബിഷപ് ഡോ.ജോർജ് അന്തോണിസാമി, ബിഷപ് ഡോ.അലക്സ് വടക്കുംതല എന്നിവർ പങ്കെടുക്കും. കർദിനാൾമാരുടെ ഉപദേശകസമിതി അംഗമായ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, സന്യാസിനികളുടെപ്രതിനിധിയായി സിആർഐ വനിതാവിഭാഗം അധ്യക്ഷയും അപ്പസ്തോലിക് കാർമൽ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറലുമായ സിസ്റ്റർ മരിയ നിർമലിനി എന്നിവരാണ് ഇന്ത്യയിൽനിന്നുള്ള മറ്റു രണ്ടുപേർ.

# മാർ തോമസ് തറയിൽ അനുസ്മരണം

കാഞ്ഞിരപ്പള്ളി രൂപത



കോട്ടയം: 23 വർഷക്കാലം കോട്ടയം അതിരൂപതയെ നയിച്ച മാർ തോമസ് തറയിലിൻറെ അനുസ്മരണം കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ നടത്തി. ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ പ്രധാന കാർമികത്വത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു. തുടർന്നു കബറിടത്തിൽ ഒപ്പീസും നടത്തി. വിശുദ്ധ കുർബാന മദ്ധ്യേ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ സന്ദേശം നൽകി. വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചാൻസിലർ ഫാ. ജോൺ ചേന്നാകുഴി, അഡീഷണൽ ചാൻസിലർ ഫാ. ജിതിൻ വല്ലൂർകാട്ടിൽ എന്നിവർ സഹകാർമികരായിരുന്നു.

# മണിപ്പൂരിന് 'സഹൃദയ' പൂർവം കേരളം

എറണാകുളം–അങ്കമാലി അതിരൂപത




കൊച്ചി: മണിപ്പൂരിൻറെ കണ്ണീരൊപ്പാൻ സ്നേഹവും കരുതലുമായി കേരളം കൈകോർക്കുന്നു. ദുരിതബാധിത മേഖലകളിലെ ക്യാമ്പുകളിൽ കഴിയുന്നവർക്ക് അവശ്യവസ്തുക്കളും മറ്റു സഹായങ്ങളും എത്തിക്കാനുള്ള ദൗത്യത്തിലാണ് മലയാളികളുടെ കാരുണ്യത്തിൻറെ കരങ്ങളെത്തുന്നത്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നിത്യോപയോഗ സാധനങ്ങളുമായി ആദ്യവാഹനം കൊച്ചിയിൽനിന്ന് ഇന്നലെ പുറപ്പെട്ടു.

എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിലാണ് സാധനങ്ങൾ സമാഹരിച്ച് അയച്ചത്. മണിപ്പൂരിലെ കാങ്പോംഗ്കി ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എട്ടു ടൺ നിത്യോപയോഗ സാധനങ്ങൾ ചരക്കുലോറിയിൽ എത്തിക്കും. വസ്ത്രങ്ങൾ, സോപ്പുകൾ, ടോയ്ലറ്റ് സാമഗ്രികൾ, ക്ലീനിംഗ് ഉപകരണങ്ങൾ, സാനിറ്ററി നാപ്കിനുകൾ എന്നിവയ്ക്കു പുറമേ വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങളും എത്തിക്കുന്നുണ്ട്. അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്നാണ് അവശ്യസാധനങ്ങൾ സമാഹരിച്ചതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ അറിയിച്ചു. എട്ടു ലക്ഷത്തോളം രൂപയുടെ സാധനങ്ങളാണ് ആദ്യ വാഹനത്തിൽ അയച്ചിട്ടുള്ളത്.

അടുത്ത ഘട്ടത്തിൽ ദുരിതബാധിത മേഖലകളുടെ പുനരധിവാസത്തിനായി സാമ്പത്തികസഹായം കൈമാറുമെന്നും അദ്ദേഹം പറഞ്ഞു. ഇടവകകൾക്കു പുറമേ വിവിധ സംഘടനകളും വ്യക്തികളും മണിപ്പൂരിലേക്ക് സഹായമെത്തിക്കാൻ കൈകോർത്തു. ഇംഫാൽ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗം ഡയറക്ടർ ഫാ. വർഗീസ് വേലിക്കകം വഴിയാണ് സാധനങ്ങൾ വിവിധ ക്യാമ്പുകളിലേക്ക് എത്തിക്കുക. കാരിത്താസ് ഇന്ത്യയുടെ മാർഗനിർദേശങ്ങളും പദ്ധതിക്കുണ്ട്.

കാങ്പോംഗ്കി സെൻറ് ഫ്രാൻസിസ് ഡി സാലസ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്കെത്തിക്കുന്ന സാധനങ്ങൾ അവിടെനിന്ന് മറ്റു ക്യാമ്പുകളിലേക്കും കൈമാറും. നേരത്തേ ചെന്നൈയിലും രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിലും പ്രകൃതിക്ഷോഭങ്ങളുണ്ടായപ്പോൾ സമാനമായ രീതിയിൽ എറണാകുളത്തുനിന്ന് വാഹനങ്ങളിൽ അവശ്യവസ്തുക്കൾ എത്തിച്ചിരുന്നു.

# മോദിയുടെ പ്രസ്താവന മൗനത്തേക്കാൾ ഭയാനകം

ഇരിങ്ങാലക്കുട രൂപത

ഇരിങ്ങാലക്കുട: മണിപ്പൂരിൽ അക്രമങ്ങൾ ആരംഭിച്ച് രണ്ടരമാസം പിന്നിടുന്നതുവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി കൈക്കൊണ്ട മൗനം പോലെ ഞെട്ടിക്കുന്നതാണു കുക്കി ഗോത്രവിഭാഗക്കാരായ രണ്ടു ക്രൈസ്തവ വനിതകളെ പൊതുവഴിയിൽ നഗ്നരാക്കി നടത്തുകയും പീഡിപ്പിക്കുകയും ചെയ്തതിനെപ്പറ്റി അദ്ദേഹം നടത്തിയ പരാമർശമെന്ന് ഇരിങ്ങാലക്കുട രൂപത. അദ്ദേഹം വിരൽ ചൂണ്ടിയത് ഈ സംഭവത്തെപ്പറ്റി മാത്രമാണ്. എന്നാൽ, ഇരുന്നൂറോളംപേർ വധിക്കപ്പെട്ട

## ഛത്തീസ്ഗഡിലും രാജസ്ഥാനിലും സംഭവിച്ചിട്ടുണ്ടെന്ന് മോദി



കോൺഗ്രസ് ഭരിക്കുന്ന ഛത്തീസ്ഗഡിലും രാജസ്ഥാനിലും സമാന സംഭവങ്ങളുണ്ടായെന്ന പരാമർശത്തോടെയാണു മോദി മണിപ്പൂരിനെക്കുറിച്ചു പറഞ്ഞത്. 140 കോടി ജനങ്ങളും നാണം കൊണ്ടു തല കുനിക്കേണ്ടിവരുന്ന സംഭവങ്ങളാണുണ്ടായത്. മണിപ്പൂരിൽ നടന്ന സംഭവങ്ങൾ മനസ്സിൽ വേദനയും രോഷവും നിറയ്ക്കുന്നുവെന്നും മോദി പറഞ്ഞു.

അക്രമങ്ങളെക്കുറിച്ചോ അവസാനിപ്പിക്കാൻ എടുക്കുന്ന നടപടികളെക്കുറിച്ചോ ഒന്നും പറഞ്ഞില്ല. മറ്റു സംസ്ഥാനങ്ങളിലും ഇതു നടക്കുന്നുണ്ടെന്നു പറഞ്ഞ് മണിപ്പൂരിലെ മനുഷ്യത്വരഹിതമായ നടപടിയെ ലഘൂകരിക്കുകയാണ് ചെയ്തത്. ഇതു ജനശ്രദ്ധ തിരിക്കാനുള്ള രാഷ്ട്രീയ തന്ത്രമാണ്.

ഏതു പാർട്ടി ഭരിച്ചാലും ഏതു സംസ്ഥാനത്തായാലും ഇത്തരം അക്രമ സംഭവങ്ങൾ അപലപനീയമാണെന്ന കാര്യം അദ്ദേഹം മറക്കരുത്. അതിൽ രാഷ്ട്രീയം കലർത്തരുത്. ലോകത്തിൻറെ മുന്നിൽ ഇന്ത്യയെ നാണം കെടുത്തിയ ഈ സംഭവംപോലെ ഒട്ടനവധി ക്രൂരതകൾ അവിടെ നടന്നിട്ടുണ്ട്; ഇപ്പോഴും തുടരുന്നുമുണ്ട്. രണ്ടര മാസമായി നടക്കുന്ന അക്രമങ്ങളെ ജനാധിപത്യത്തിലും മതനിരപേക്ഷതയിലും വിശ്വസിക്കുന്ന സർവവിഭാഗം ജനങ്ങളും വേദനയോടെയാണ് കാണുന്നത്. ഗോത്രവിഭാഗങ്ങളെ ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അരങ്ങേറുന്ന മനുഷ്യാവകാശ ലംഘനങ്ങളെ കേന്ദ്ര സർക്കാർ ഗൗരവപൂർവം കാണണം. പൊതുജന വികാരം ഉൾക്കൊണ്ട് സുപ്രീം കോടതിയും ഇതുതന്നെയാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകളോടു നിർദേശിച്ചിരിക്കുന്നത്.

മണിപ്പൂരിൽ സ്ത്രീകൾക്കെതിരായി നടന്ന ഹീനമായ കൈയേറ്റത്തെ ശക്തമായി അപലപിക്കുകയും യഥാർഥ കുറ്റവാളികളെ മുഴുവൻ പിടികൂടി നിയമത്തിന്റെ മുൻപിൽ കൊണ്ടുവരികയും ചെയ്യണമെന്നും അക്രമങ്ങൾ ഉടൻ അവസാനിപ്പിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ കർശന നടപടിയെടുക്കണമെന്നും രൂപത ആവശ്യപ്പെട്ടു.



# പ്രതിസന്ധികളിൽ വിശ്വാസസ്ഥിരതയോടെ സഭയോടു ചേർന്നുനിൽക്കണം – കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കാക്കനാട്: സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും കാലത്തു മാത്രമല്ല പ്രതിസന്ധികളിലും സഹനങ്ങളിലും വിശ്വാസസ്ഥിരതയോടെ സഭയോടു ചേർന്നുനിൽക്കുന്നവരാകണം വിശ്വാസികളെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ക്രിസ്തുശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടും സഭാദിനത്തോടും അനുബന്ധിച്ച് സീറോമലബാർസഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വി. കുർബാനയുടെ ആമുഖമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു സഹശിഷ്യന്മാരോടു പറഞ്ഞ തോമാശ്ലീഹായുടെ ജീവിതമാതൃക പ്രയാസഘട്ടങ്ങളിൽ പരാജയഭീതിയോടെ പിന്മാറുന്നതിനുപകരം ധീരതയോടെ അവയെ നേരിടാൻ നമ്മെ സഹായിക്കുന്നതാണെന്ന് കർദിനാൾ ഓർമിപ്പിച്ചു. സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ ശതാബ്ദി വർഷമെന്ന നിലയിൽ ഇത്തവണത്തെ സഭാദിനാചരണത്തിന് കൂടുതൽ പ്രാധാന്യമുണ്ടെന്നും മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു.

രാവിലെ 8.30ന് സീറോമലബാർ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ സഭാകാര്യാലയത്തിൽ പതാക ഉയർത്തിയതോടെ ആഘോഷപരിപാടികൾക്ക് തുടക്കമായി. തുടർന്ന് നടന്ന ആഘോഷമായ റാസാ കുർബാനയിൽ കൂരിയാ ബിഷപ്പ് കാർമികത്വം വഹിച്ചു. സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും സെമിനാരികളുടെ റെക്ടർമാരും മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയങ്ങളുടെ വികാരിമാരും രൂപതകളെയും സമർപ്പിതസമൂഹങ്ങളെയും പ്രതിനിധീകരിച്ചുവന്ന ബഹുമാനപ്പെട്ട വൈദികരും സന്ന്യാസിനികളും അല്മായരും വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു.ചെറുപുഷ്പസന്ന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ഫാ. ജോജോ വരകുകാലയിൽ വചനസന്ദേശം നൽകി.

സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിന് മുന്നോടിയായി സീറോമലബാർസഭ ഹയരാർക്കിയുടെ ചരിത്രമവതരിപ്പിക്കുന്ന ഡോക്കുമെന്ററി പ്രദർശിപ്പിച്ചു. പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, മാർതോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തിയിൽനിന്ന് ജന്മമെടുത്ത സീറോമലബാർസഭ, വിശ്വാസതീക്ഷ്ണതയോടെ മുന്നേറേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. കണ്ണൂർ രൂപതയുടെ അദ്ധ്യക്ഷനും കോട്ടപ്പുറം രൂപതയുടെ അഡ്മിനിസ്ട്രേറ്ററുമായ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല സീറോമലബാർ സഭാദിനം തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിലും ദൈവാനുഗ്രഹത്തിന്റെ കുളിർമഴ കൃപയായി നമ്മിൽ പെയ്തിറങ്ങാൻ ധീരരക്തസാക്ഷിയായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥം സഹായിക്കുമെന്ന് ബിഷപ്പ് വടക്കുംതല ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ട് സന്ന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ലിസ് ഗ്രേസ് SD, സീറോമലബാർ യൂത്ത് മൂവ്മെന്റ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീന ജോഷി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

മണിപ്പൂരിൽ രണ്ടുമാസക്കാലമായി തുടർന്നുകൊണ്ടിരിക്കുന്ന വർഗ്ഗീയകലാപം അമർച്ച ചെയ്യുന്നതിനും എല്ലാ വിഭാഗം ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും സമാധാനം പുനഃസ്ഥാപിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സത്വരമായി ഇടപെടണമെന്ന സീറോമലബാർസഭയുടെ പ്രമേയം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം അവതരിപ്പിച്ചു. സീറോമലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ 34-ാമത് പുസ്തകമായ 'വർത്തമാനപുസ്തകത്തെക്കുറിച്ചുള്ള പഠനം' ബിഷപ്പ് അലക്സ് വടക്കുംതല പ്രകാശനം ചെയ്തു. തുടർന്ന് ഇന്റർനെറ്റ് മിഷന്റെ ആഭിമുഖ്യത്തിൽ സീറോമലബാർ മാട്രിമോണിയുടെ നവീകരിച്ച ലോഗോയുടെയും വെബ് സൈറ്റിന്റെയും മൊബൈൽ ആപ്ലിക്കേഷന്റെയും പ്രകാശനകർമ്മം നടന്നു. ചടങ്ങിന് മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയാ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ സ്വാഗതമാശംസിക്കുകയും ആഘോഷക്കമ്മിറ്റി കൺവീനർ ഫാ. ജോജി കല്ലിങ്ങൽ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. പൊതുസമ്മേളനത്തോടനുബന്ധിച്ചു വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. സ്നേഹവിരുന്നോടുകൂടി സഭാദിനപരിപാടികൾ സമാപിച്ചു.

## സീറോമലബാർസഭയുടെ പിന്തുണ ഏറെ ആത്മവിശ്വാസം നൽകുന്നത് ആർച്ച്ബിഷപ് ഡൊമിനിക് ലൂമൻ



ഇംഫാൽ: കഴിഞ്ഞ മൂന്നു മാസത്തിലേറെയായി കലാപം നടന്നുകൊണ്ടിരിക്കുന്ന മണിപ്പൂർ സംസ്ഥാനം പൂർണമായുമുൾക്കൊള്ളുന്ന ഇംഫാൽ അതിരൂപതയ്ക്ക് സീറോമലബാർസഭ പിന്തുണയറിയിച്ചത് ഏറെ ആത്മവിശ്വാസം പകരുന്നതാണെന്ന് ഇംഫാൽ ആർച്ച്ബിഷപ്പ് ഡൊമിനിക് ലൂമൻ. സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മണിപ്പൂരിലെ കലാപബാധിത പ്രദേശങ്ങളിലെ നിജസ്ഥിതി മനസിലാക്കുന്നതിനും സഭയുടെ കരുതലും സഹായവും നേരിട്ടറിയിക്കുന്നതിനുമായി സീറോമലബാർ മിഷൻ ഓഫിസ് സെക്രട്ടറി റവ. ഫാ. സിജു ജോർജ് അഴകത്ത് എം.എസ്.ടിയുടെ നേതൃത്വത്തിലുള്ള ഒരു പ്രതിനിധി സംഘത്തെ മണിപ്പൂരിലേക്ക് അയക്കുകയും കർദിനാൾ ആലഞ്ചേരി പിതാവിന്റെ സന്ദേശമടങ്ങുന്ന കത്ത് കൈമാറുകയും ചെയ്തതിനെ തുടർന്നാണ് ഇംഫാൽ ആർച്ച്ബിഷപ് ഡൊമിനിക് ലൂമൻ മറുപടി സന്ദേശത്തിലൂടെ കൃതജ്ഞത പ്രകടിപ്പിച്ചത്.

## ലഹരി വ്യാപനം സർവ്വനാശം വിതയ്ക്കും



## കേരള മദ്യ വിരുദ്ധ ഏകോപന സമിതി

കാലടി: സർക്കാരിന്റെ മദ്യവ്യാപനനയവും, ലഹരി വസ്തുക്കളുടെ വ്യാപക ഉപയോഗവും കേരളത്തെ സർവ്വനാശത്തിലേക്ക് തള്ളിവിടുമെന്ന് കേരള മദ്യ വിരുദ്ധ ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ചാർളി പോൾ പറഞ്ഞു. കെസിബിസി മദ്യ വിരുദ്ധ സമിതിയും കേരള മദ്യ വിരുദ്ധ ഏകോപന സമിതിയും സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന കിറ്റ് ലിക്കർ ഡേ ആചരണത്തിന്റെ ഭാഗമായി ജില്ലാ തലത്തിൽ കാലടിയിൽ സംഘടിപ്പിച്ച മദ്യനയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐ ടി മേഖലയേയും വ്യവസായ പാർക്കുകളെയും മദ്യവൽക്കരിക്കുന്നു. സാമൂഹ്യ അരാജകത്വം സൃഷ്ടിക്കുകയും പഞ്ചായത്ത് തോറും ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി മദ്യം സുലഭമാക്കനുള്ള നീക്കം കേരളത്തെ മദ്യ കേരളമാക്കും.

മദ്യത്തിൽ നിന്നുള്ളവരുമാനത്തിന്റെ ഇരട്ടിയിലേറെ തുക മദ്യം മൂലമുണ്ടാക്കുന്ന പ്രശ്നങ്ങൾക്കും കെടുതികൾക്കും ദുരിതങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് വേണ്ടി സർക്കാരിന് തന്നെ വൻ തുകചില വഴിക്കേണ്ടിവരുന്നുണ്ട്. നാടിന്റെയും ജനങ്ങളുടെയും നന്മക്കും പുരോഗതിക്കുമായി പുതിയ മദ്യനയം സർക്കാർ തിരുത്തണം. മദ്യകേരളം സൃഷ്ടിക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിന്തിരിയണം. ഫാ. ഡേവീസ് മാടവന അധ്യക്ഷത വഹിച്ചു. ഇമാം അബ്ബാസ് മൗലവി മുഖ്യപ്രഭാഷണം നടത്തി. ഫാ. ഏലിയാസ് ഐപ്പ് പാറക്കൽ മുഖ്യ സന്ദേശം നൽകി. എൻ. പി.ചന്ദ്രൻ, ഷൈബി പാപ്പച്ചൻ, ജെയിംസ് കോറമ്പേൽ, എം.പി. ജോസി, എം. എൽ ജോസഫ്, തോമസ് മറ്റപ്പിള്ളി, ജോർജ് ഇമ്മാനുവൽ, ശോശാമ്മ തോമസ്, റോയ് പടയാട്ടി, ഡേവീസ് ചക്കാലക്കൽ, സിസ്റ്റർ ആൻസില, ഇ. പി. വർഗീസ്, പൗലോസ് കീഴ്ത്തറ, വർഗ്ഗീസ് കൊളരിക്കൽ, പാപ്പച്ചൻ ആച്ചാണ്ടി, വി.വി. ആന്റണി, ജോസ് ചാലിശേരി, പോൾ എടക്കൂടൻ എന്നിവർ പ്രസംഗിച്ചു.



# വത്തിക്കാൻ സിനഡിന്റെ മാർഗ്ഗരേഖ: ഒരവലോകനം



സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിന്റെ പൊതുസമ്മേളനത്തിലെ ആദ്യ സെഷനുവേണ്ടിയുള്ള മാർഗരേഖ (ലാറ്റിൻ ഭാഷയിൽ ഇൻസ്ത്രുമെന്തും ലബോറിസ്-ഐഎൽ) കഴിഞ്ഞ ജൂൺ 20നു പുറത്തിറക്കുകയുണ്ടായി. 50 പേജുള്ള മാർഗരേഖ വത്തിക്കാനിൽ നടന്ന വാർത്താസമ്മേളനത്തിൽ അവതരിപ്പിച്ചതോടെ അത് ഏവർക്കും സംലഭ്യമായിട്ടുണ്ട്. 2021 ഒക്ടോബർ 10നാണ് സിനഡിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിൻറെ ഭാഗമായാണ് മാർഗരേഖ തയാറാക്കിയിരിക്കുന്നത്. ദൈവജനത്തെ കേൾക്കാനുള്ള വലിയ ഈ ഉദ്യമത്തിൽ മുഴുവൻ സഭാസമൂഹത്തെയും ഉൾപ്പെടുത്തി, മൂന്ന് ഘട്ടങ്ങളായുള്ള കൂടിയാലോചനകളിലൂടെയാണ് മാർഗരേഖ തയാറാക്കിയത്. ആദ്യഘട്ടത്തിൽ പ്രാദേശിക സഭകളിൽ നടന്ന കൂടിയാലോചനകളിൽനിന്ന് ദൈവജനത്തിൻറെ അഭിപ്രായം സ്വീകരിച്ചു. രണ്ടാം ഘട്ടത്തിൽ കിഴക്കൻ സഭകളിലെ ബിഷപ്പുമാരുടെ കോൺഫറൻസുകളിലും സിനഡുകളിലും പ്രാദേശികസഭകളിൽനിന്നുമുള്ള അഭിപ്രായം സ്വീകരിച്ചു. മൂന്നാം ഘട്ടത്തിൽ വിവിധ ഭൂഖണ്ഡങ്ങളിൽനിന്നും പുറമെ ലോകമെമ്പാടുനിന്നും ലഭിച്ച നിർദേശങ്ങൾ ഉൾക്കൊണ്ട് മാർഗരേഖ പൂർത്തിയാക്കി.

മാർഗരേഖയുടെ ആദ്യഭാഗം സിനഡാത്മക സഭയെക്കുറിച്ചാണ്; സിനഡ് പ്രക്രിയയിൽ മനസിലാക്കപ്പെടുന്നതും അനുഭവവേദ്യമായതുമായ സഭയെക്കുറിച്ച്. സിനഡാത്മകസഭയുടെ അടയാളങ്ങൾ ഇങ്ങനെയാണ് രേഖയിൽ വ്യക്തമാക്കുക:

മാമ്മോദീസയുടെ ശ്രേഷ്ഠതയിൽ അടിസ്ഥാനമിട്ട, ശ്രവിക്കുന്നതും ശ്രദ്ധിക്കുന്നതുമായ ഒരു സഭ, വിനീതമായിരിക്കാൻ ആഗ്രഹമുള്ള, ധാരാളം പഠിക്കാനുണ്ടെന്നു തിരിച്ചറിയുന്ന സഭ, ആശയസംവാദവും കൂടിവരവും പ്രോത്സാഹിപ്പിക്കുകയും അതിൻറെ പിന്നിലുള്ള വൈവിധ്യത്തെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്ന സഭ, തുറവിയുള്ളതും സ്വാഗതം ചെയ്യുന്നതും സർവാശ്ലേഷിയുമായ സഭ, സംഘർഷങ്ങളെ അംഗീകരിക്കുകയും അവയാൽ തകർപ്പെടാതെ അവയെ കൈകാര്യം ചെയ്യാൻ പ്രാപ്തയുമായ സഭ, ദുർബലവും അപൂർണവുമായതിനാൽ അസ്വസ്ഥവും എന്നാൽ വിവേചനശേഷിയുള്ളതുമായ സഭ.

തുടർന്ന് സിനഡിൻറെ മൂന്ന് പ്രധാന പദങ്ങളുമായുള്ള ബന്ധം മാർഗരേഖ വിശദീകരിക്കുന്നു:

> - മാമ്മോദീസയുടെ ശ്രേഷ്ഠതയിൽ അടിസ്ഥാനമിട്ട, ശ്രവിക്കുന്നതും ശ്രദ്ധിക്കുന്നതുമായ ഒരു സഭ
> - വിനീതമായിരിക്കാൻ ആഗ്രഹമുള്ള, ധാരാളം പഠിക്കാനുണ്ടെന്നു തിരിച്ചറിയുന്ന സഭ
> - ആശയസംവാദവും കൂടിവരവും പ്രോത്സാഹിപ്പിക്കുകയും അതിൻറെ പിന്നിലുള്ള വൈവിധ്യത്തെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്ന സഭ
> - തുറവിയുള്ളതും സ്വാഗതം ചെയ്യുന്നതും സർവാശ്ലേഷിയുമായ സഭ
> - സംഘർഷങ്ങളെ അംഗീകരിക്കുകയും അവയാൽ തകർപ്പെടാതെ അവയെ കൈകാര്യം ചെയ്യാൻ പ്രാപ്തയുമായ സഭ
> - ദുർബലവും അപൂർണ്ണവുമായതിനാൽ അസ്വസ്ഥവും എന്നാൽ വിവേചനശേഷിയുള്ളതുമായ സഭ

കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം എന്നിവയാണവ. ദൈവശാസ്ത്രത്തിൻറെയും സഭാ നിയമത്തിൻറെയും വീക്ഷണകോണിൽനിന്നാണ് ഇവയെ അഭിസംബോധന ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നത്. കുറച്ചുകൂടി വ്യക്തമാക്കിയാൽ, അജപാലന ശ്രദ്ധയുടെയും ആധ്യാത്മികതയുടെയുടെയും വീക്ഷണത്തിൽ. ഈ മൂന്നു പദങ്ങളോടും ബന്ധപ്പെടുത്തി മാത്രമേ സിനഡിനെ കാണാനാവൂ. കൂട്ടായ്മയിൽ ജീവിക്കുന്നതാണ് സഭയുടെ മുന്നിലുള്ള വെല്ലുവിളി. ദൈവവുമായുള്ള ഐക്യത്തിൻറെയും മനുഷ്യരാശിയുടെ ഐക്യത്തിൻറെയും ഒരു അടയാളവും ഉപകരണവുമാകുന്നു സഭ. പ്രേഷിതദൗത്യത്തിലെ ഏറ്റവും വലിയ വെല്ലുവിളി സുവിശേഷത്തിൻറെ ശുശ്രൂഷയിൽ എങ്ങനെ നന്മകളും ചുമതലകളും പങ്കിടാം എന്നതിലാണ്. പ്രേഷിതയായ ഒരു സിനഡാത്മക സഭയുടെ സ്വഭാവം വളർത്തിയെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ, ഘടനകൾ, സ്ഥാപനങ്ങൾ എന്നിവ രൂപീകരിക്കുകയും സജ്ജമാക്കുകയും ചെയ്യുക എന്നതാണ് പങ്കാളിത്തത്തിലെ വെല്ലുവിളി.

പ്രവർത്തനരേഖയുടെ രണ്ടാം ഭാഗം പ്രമേയപരമായ 15 പ്രവർത്തന പദ്ധതികളാണ്. അവ ഓരോന്നും ഓരോ അടിസ്ഥാനപ്രശ്നം കൈകാര്യം ചെയ്യുന്നു. സഭാത്മകജീവിതത്തിൻറെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഭൂഖണ്ഡാന്തര അസംബ്ലികളിലൂടെ ഉയർന്നുവന്ന വ്യത്യസ്തവും എന്നാൽ പരസ്പരപൂരകവുമായ പരിപ്രേക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവ ക്രമപ്പെടുത്തിയിരിക്കുന്നത്. മാർഗരേഖ സഭയുടെ ഔദ്യോഗിക പ്രബോധനരേഖയോ സാമൂഹ്യശാസ്ത്ര സർവേയുടെ റിപ്പോർട്ടോ അല്ല. ഇത് പ്രവർത്തന സൂചനകൾ, ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നതോ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിൻറെ പൂർണമായ വിവരണമോ അല്ല. ദൈവജനത്തെ ശ്രവിച്ചതിൽനിന്ന് ഉയർന്നുവന്ന ചില മുൻഗണനകളെ വ്യക്തമാക്കുന്നതാണ് ഈ മാർഗരേഖ.

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
**മേജർ ആർച്ച്ബിഷപ്, സീറോമലബാർസഭ**

# മണിപ്പൂർ വിഷയത്തിൽ സർക്കാരിന് തുറന്ന കത്തുമായി മാർ പ്രിൻസ് ആന്റണി

**03-ാം പേജിൽ നിന്നും തുടർച്ച**

എല്ലാത്തിനുമുപരിയായി വംശീയ സംഘടനങ്ങളുടെ പേരിൽ അക്രമം സഹിക്കാമോ എന്നതും വംശീയ സംഘടനമായാലും തടയേണ്ടതല്ലേ എന്ന ചോദ്യവും ബാക്കിയാകുന്നു. മണിപ്പൂരിൽ നിയമലംഘകർ ക്രൂരത അഴിച്ചുവിടുമ്പോൾ പൊലീസ് മിണ്ടാപ്രാണികളുടെ വേഷം ധരിക്കുന്നത് പരിഹാസ്യമാണ്. ജാതിയുടെയോ ഗോത്രത്തിന്റെയോ മതത്തിന്റെയോ പേരിൽ അക്രമത്തെ ഒരിക്കലും ന്യായീകരിക്കാനാവില്ല. മണിപ്പൂരിലെ ക്രിസ്ത്യാനികളുടെ ദുരവസ്ഥ ക്രിസ്ത്യാനികൾക്ക് മാത്രമല്ല, മുഴുവൻ രാജ്യത്തിനും ഗുരുതരമായ ആശങ്കയാണ് സൃഷ്ടിക്കുന്നത്. മതത്തിന്റെ പേരിൽ ഏതൊരു വിഭാഗത്തിനും നേരെയുള്ള അതിക്രമങ്ങൾ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളുടെ വ്യക്തമായ ലംഘനമാണ്. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കും മറ്റേതൊരു പൗരനെയും പോലെ സ്വതന്ത്രമായി മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള മൗലികാവകാശമുണ്ട്. ക്രിസ്ത്യാനിയാകുന്നത് രാജ്യസ്നേഹത്തെ ഒരു തരത്തിലും കുറയ്ക്കുന്നില്ല. ക്രിസ്തീയ വിശ്വാസം മാതൃരാജ്യത്തോടുള്ള വിശ്വസ്തതയേയും അതിന്റെ നേതാക്കളോടുള്ള ബഹുമാനത്തെയും പ്രേരിപ്പിക്കുന്നു.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാർ സ്വന്തം മതങ്ങൾ ആചരിച്ച് വിദേശ രാജ്യങ്ങളിൽ സമാധാനപരമായി ജീവിക്കുമ്പോൾ, എന്തുകൊണ്ടാണ് ഇന്ത്യൻ ക്രിസ്ത്യാനികൾക്ക് അവരുടെ മതം ആചരിച്ച് അവരുടെ മാതൃരാജ്യത്ത് സമാധാനപരമായി ജീവിക്കാൻ കഴിയാത്തതെന്നും ബിഷപ്പ് പ്രിൻസ് ചോദിക്കുന്നു. മണിപ്പൂരിലെ മനുഷ്യാവകാശ ലംഘനങ്ങളെയും ക്രിസ്ത്യൻ പീഡനങ്ങളെയും കുറിച്ച് മാധ്യമങ്ങളും ദേശീയ-സംസ്ഥാന നേതാക്കളും വളരെ കുറച്ച് മാത്രമേ പറയുന്നുള്ളൂ എന്നത് ശരിക്കും ഹൃദയഭേദകമാണ്. ഒരു നിയമപരമായ മാക്സിം പ്രസ്താവിക്കുന്നതുപോലെ, 'നീതി വൈകുന്നത് നീതി നിഷേധിക്കപ്പെടുന്നു'. മണിപ്പൂരിൽ മനുഷ്യാവകാശങ്ങളുടെയും ഭരണഘടനാപരമായ അവകാശങ്ങളുടെയും പൂർണമായ ലംഘനത്തിന് മുന്നിൽ ബന്ധപ്പെട്ട അധികാരികളുടെ വിശദീകരിക്കാനാകാത്ത നിശബ്ദത നിക്ഷിപ്ത താൽപ്പര്യങ്ങളുടെ അവിശുദ്ധ കൂട്ടുകെട്ടിനെ ഓർമ്മിപ്പിക്കുന്നു.

മണിപ്പൂരിലെ ജനങ്ങളുടെ കഷ്ടപ്പാടുകൾ ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് ഉറക്കമില്ലാത്ത രാത്രികൾ സമ്മാനിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ ജീവൻ നഷ്ടപ്പെട്ടവർ ചെയ്ത തെറ്റ് എന്താണ്? ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും കൂട്ടബലാത്സംഗം ചെയ്യുകയും ചെയ്ത നിസഹായരായ സ്ത്രീകൾ എന്ത് തെറ്റാണ് ചെയ്തത്? അവരുടെ നിലവിളി രാജ്യത്തുടനീളം അലയടിക്കുകയാണ്. ഒരു വിശ്വസ്ത ക്രിസ്ത്യാനിയും അഭിമാനിയായ ഒരു ഇന്ത്യൻ പൗരനും എന്ന നിലയിൽ, മണിപ്പൂരിലെ മനുഷ്യാവകാശ ലംഘനങ്ങളെയും ക്രിസ്ത്യൻ പീഡനങ്ങളെയും ശക്തമായി അപലപിക്കുകയും, അതിനെതിരെ ശക്തമായി പ്രതികരിക്കാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നതായി കത്തിൽ വ്യക്തമാക്കുന്നു.

ആമോസിന്റെ സുവിശേഷം അഞ്ചാം അധ്യായം 24-ാം വാക്യത്തിൽ പറയുന്നതു പോലെ 'ന്യായം വെള്ളംപോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ'. മണിപ്പൂരിലെ അക്രമങ്ങൾ അചഞ്ചലമായ വിശ്വസ്തതയോടുകൂടി അവസാനിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിച്ചുകൊണ്ടാണ് കത്ത് അവസാനിക്കുന്നത്. ■

## സിസ്റ്റർ ശോഭ റൊസാരിയോ എസ്ജെഎസ്എം സുപ്പീരിയർ ജനറൽ

SJSM CONGREGATION



ന്യൂഡൽഹി: സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് മാർക് (എസ്ജെഎസ്എം) സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആയി സി. ശോഭ റൊസാരിയോ തിരഞ്ഞെടുക്കപ്പെട്ടു. 1845ൽ ഫ്രാൻസിൽ സ്ഥാപിതമായ എസ്ജെഎസ്എമ്മിന്റെ സുപ്പീരിയർ ജനറൽ ആയി ഇന്ത്യയിൽ നിന്നുള്ളയാൾ തിരഞ്ഞെടുക്കപ്പെടുന്നത് ഇതാദ്യമാണ്. 2016ൽ അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അങ്കമാലി മൂക്കന്നൂർ പാലാട്ടി പരേതനായ സ്റ്റാൻലി റൊസാരിയോയുടെയും റോസിയുടെയും മകളാണ്.

## സിസ്റ്റർ ലിസി തട്ടിൽ മദർ ജനറൽ



അങ്കമാലി: ഇറ്റലിയിലെ റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെൻറ് എലിസബത്ത് സന്യാസിനീ സഭയുടെ മദർ ജനറലായി സിസ്റ്റർ ലിസി തട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു.

അങ്കമാലി ചെത്തിക്കോട് തട്ടിൽ വർഗീസ്-റോസ ദമ്പതികളുടെ മകളാണ്. കഴിഞ്ഞ 38 വർഷമായി ഇറ്റലിയിലെ വിവിധ പ്രദേശങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന സിസ്റ്റർ തുടർച്ചയായി രണ്ടാം പ്രാവശ്യമാണ് മദർ ജനറലാകുന്നത്. ഫ്രാൻസിസ് തട്ടിൽ, ഗ്രേസി പീറ്റർ, ഷീബ മാർട്ടിൻ എന്നിവർ സഹോദരങ്ങളാണ്.

## അപരനെ സഹോദരനായി കാണാൻ കഴിയണം: മാർ പോളി കണ്ണൂക്കാടൻ

CHF CONGREGATION

കുഴിക്കാട്ടുശേരി (മാള): അപരൻ തൻറെ സഹോദരൻകൂടിയാണെന്ന തിരിച്ചറിവുണ്ടാകണമെന്നും അത് എല്ലാ കലഹങ്ങൾക്കും പരിഹാരമാണെന്നും ബിഷപ് മാർ പോളി കണ്ണൂക്കാടൻ. മണിപ്പുരിലെ കിരാത സംഭവങ്ങളും കലാപങ്ങളും വേഗത്തിൽ അവസാനിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. കുഴിക്കാട്ടുശേരി തീർഥാടന കേന്ദ്രത്തിൽ ധന്യൻ ജോസഫ് വിതയത്തിൽ അനുസ്മരണ ദിനത്തിൽ സമൂഹബലിയിൽ മുഖ്യകാർമികത്വം വഹിച്ചു സന്ദേശം നൽകുകയായിരുന്നു ബിഷപ്.



വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി, പോസ്റ്റുലേറ്റർ ഫാ. ബെനഡിക്ട് വടക്കേക്കര, പുത്തൻചിറ ഫൊറോന വികാരി ഫാ. വർഗീസ് പാത്താടൻ, തീർഥാടന കേന്ദ്രം റെക്ടർ ഫാ. ജോൺ കവലക്കാട്ട്, പ്രമോട്ടർ ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട്, ഫാ. ആൻറണി പുതുശേരി, ഫാ. ഡേവീസ് കിഴക്കുംതല, ഫാ. ലിന്റോ മാടമ്പി സിഎംഐ, ഫാ. ജെയ്ൻ കടവിൽ എന്നിവർ ധന്യൻ ജോസഫ് വിതയത്തിലച്ചൻറെ 158-ാം ജന്മദിനവും 59-ാം ചരമവാർഷികവും അനുസ്മരിച്ച തിരുക്കർമങ്ങളിൽ സഹകാർമികരായിരുന്നു.

വിശുദ്ധ മറിയം ത്രേസ്യയുടെയും ധന്യൻ ജോസഫ് വിതയത്തിലച്ചന്റെയും ഭൗതികശരീരം അടക്കം ചെയ്ത തീർഥാടനകേന്ദ്രത്തിൽ കാഴ്ച സമർപ്പണത്തെ തുടർന്ന് ദീപം തെളിയിച്ച് തിരുകർമങ്ങൾ ആരംഭിച്ചു. പ്രാർഥനാ ശുശ്രൂഷകൾക്കു ശേഷം ശ്രാദ്ധഊട്ടും നടന്നു.

ഹോളി ഫാമിലി സന്യാസിനീസമൂഹത്തിൻറെ സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസ്, ഹോളി ഫാമിലി സന്യാസിനീസമൂഹത്തിൻറെ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ എൽസി സേവ്യർ, വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ റോസ്മിൻ മാത്യു, കൗൺസിലേഴ്സ്, വിവിധ പ്രൊവിൻഷ്യൽസ്, സുപ്പീരിയേഴ്സ്, വിവിധ കമ്മിറ്റിയംഗങ്ങൾ ഉൾപ്പെടെയുള്ളവർ പരിപാടികൾക്കു നേതൃത്വം നൽകി.

## ഫാ. മനോജ് പാറയ്ക്കൽ റൂഹാലയ മേജർ സെമിനാരിയുടെ പുതിയ റെക്ടർ

MST CONGREGATION

ഉജ്ജയിൻ: സെൻറ് തോമസ് മിഷനറി സൊസൈറ്റി (എം.എസ്.റ്റി) മധ്യപ്രദേശിലെ ഉജ്ജയിനിൽ സ്ഥാപിച്ചിട്ടുള്ള റൂഹാലയ മേജർ സെമിനാരിയുടെ പുതിയ റെക്ടറായി റവ. ഡോ. മനോജ് പാറയ്ക്കൽ എം.എസ്.റ്റി നിയമിതനായി. ജൂൺ 11-ാം തീയതി അദ്ദേഹം റെക്ടറായി ചാർജെടുത്തു. ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റുള്ള മനോജ് അച്ചൻ നാലുവർഷമായി റൂഹാലയ തിയോളജിക്കൽ സെമിനാരിയുടെ വൈസ് റെക്ടറായി ശുശ്രൂഷ ചെയ്തുവരികയായിരുന്നു.



കഴിഞ്ഞ ആറുവർഷമായി റൂഹാലയുടെ റെക്ടറായിരുന്ന റവ.ഡോ. ചാണ്ടി കളത്തൂരിന്റെ പിൻഗാമിയായാണ് മനോജച്ചൻറെ പുതിയ നിയമനം. പാലാ രൂപതയിലെ മുന്നിലവ് ഇടവകയിൽ പാറയ്ക്കൽ നോബിൾ-തങ്കമ്മ ദമ്പതികളുടെ മൂത്തമകനാണ് ഫാ. മനോജ് എം.എസ്.റ്റി.

## വാർഷികാഘോഷങ്ങൾ സമാപിച്ചു

മണ്ണംപേട്ട : സെയ്ൻറ് മർത്ത സന്ന്യാസിനിസമൂഹത്തിന്റെ 75-ാം വാർഷികാഘോഷങ്ങൾ സമാപിച്ചു. സിറോമലബാർസഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. രാമനാഥപുരം രൂപത ബിഷപ്പ് മാർ പോൾ ആലപ്പാട്ട് അധ്യക്ഷനായി. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, പാലക്കാട് രൂപത മെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, ഷംഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ, ചിക്കാഗോ രൂപത മെത്രാൻ മാർ ജോയ് ആലപ്പാട്ട്, സെയ്ന്റ് മർത്ത സന്ന്യാസസമൂഹം സുപ്പീരിയർ ജനറൽ ബിയാട്രീസ്, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ സോഫി പേരേപ്പാടൻ, ഫാ. സെബി കാഞ്ഞിരത്തിങ്കൽ, ബ്രദർ ജോസ് ചുങ്കത്ത്, ഫാ. പോൾ പുളിക്കൻ, സിസ്റ്റർ ജയിൻ മേരി, ജിയോ മരിയ, പി. ആർ. ജോഷി തുടങ്ങിയവർ പ്രസംഗിച്ചു.



# ക്രൈസ്തവർക്കെതിരെയുള്ള ഗൂഢനീക്കങ്ങൾ

## താക്കീതായി ഐക്യദാർഢ്യ റാലി

കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: ക്രൈസ്തവ സമൂഹത്തിനെതിരായ ഗൂഢനീക്കങ്ങൾക്കെതിരേ കാഞ്ഞിരപ്പള്ളിയിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ റാലിയിൽ ജനസാഗരം ഒഴുകിയെത്തി. കാഞ്ഞിരപ്പള്ളി രൂപത കത്തോലിക്കാ കോൺഗ്രസിൻറെയും യുവദീപ്തി-എസ്എംവൈഎം യുവജന സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന റാലിയിൽ ആയിരങ്ങളാണ് അണിചേർന്നത്. കഴിഞ്ഞ ദിവസം മരിച്ച അമൽജ്യോതി കോളജ് വിദ്യാർഥിനി ശ്രദ്ധ സതീഷിനെ അനുസ്മരിച്ചുള്ള പ്രാർഥനയോടെയാണ് റാലി ആരംഭിച്ചത്.

സെൻറ് ഡൊമിനിക്സ് കത്തീഡ്രലിൽനിന്ന് ആരംഭിച്ച റാലി കുരിശുങ്കൽ ജംഗ്ഷൻ, പേട്ടക്കവല വഴി പഴയപള്ളി ഗ്രൗണ്ടിൽ സമാപിച്ചു. ക്രൈസ്തവസമൂഹത്തെ ഒറ്റതിരിഞ്ഞ് ആക്രമിക്കുന്ന സംഭവങ്ങൾക്കെതിരേയുള്ള വികാരമാണ് റാലിയിൽ ഉയർന്നത്. എല്ലാ വിഭാഗങ്ങൾക്കും ജീവിക്കാനുള്ള സാഹചര്യം സമൂഹത്തിൽ ഒരുങ്ങണമെന്നും സംഘടിത ആക്രമണങ്ങൾ ചെറുക്കപ്പെടണമെന്നും ആവശ്യമുയർന്നു. സമൂഹത്തിലെ സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവരെയും വിശ്വാസത്തിനും ധാർമികതയ്ക്കും വിരുദ്ധമായി പ്രവർത്തിക്കുന്നവരെയും ആർജവത്തോടെ നേരിടുമെന്ന പ്രതിജ്ഞ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡൻറ് ടെസി ബിജു പാഴിയാങ്കൽ ചൊല്ലിക്കൊടുത്തു. കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡൻറ് ജോമി കൊച്ചുപറമ്പിൽ, യുവദീപതി രൂപത പ്രസിഡൻറ് സനു പുതുശേരി എന്നിവർ ചേർന്നാണ് റാലി ഫ്ളാഗ് ഓഫ് ചെയ്തത്. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡൻറുമാരായ ഡെന്നി കൈപ്പനാനി, രാജേഷ് ജോൺ എന്നിവർ ചേർന്ന് പതാക കൈമാറി.

ചങ്ങനാശേരി അതിരൂപത ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, സാം ഓടയ്ക്കൽ, സനു പുന്നയ്ക്കൽ, അലോക് ബെന്നി എന്നിവർ സന്ദേശങ്ങൾ നല്കി. റാലിയിൽ എല്ലാ ഇടവകകളെയും പ്രതിനിധീകരിച്ചുള്ള വിശ്വാസികൾ, വൈദികർ, സന്യസ്തർ, സംഘടനാ പ്രതിനിധികൾ, വിവിധ സ്ഥലങ്ങളിൽനിന്നെത്തിയ സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു

മാനന്തവാടി രൂപത




മാനന്തവാടി: ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ നടമാടുന്ന ആക്രമണങ്ങൾക്കും സംഘടിതമായ പ്രവർത്തനങ്ങൾക്കുമെതിരെ പ്രതിഷേധിച്ചുകൊണ്ട്, കെ.സി.വൈ.എം മാനന്തവാടി രൂപത, മാനന്തവാടി ഗാന്ധി പാർക്കിൽ സംഘടിപ്പിച്ച പ്രതിഷേധ സദസ്സിൽ നിരവധി യുവജനങ്ങൾ പങ്കാളികളായി.

കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ജസ്റ്റിൻ നീലംപറമ്പിൽ പ്രതിഷേധ സ്വരമറിയിച്ച് സംസാരിച്ചു. കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക മുന്നേറ്റത്തിൽ നിർണായക സ്വാധീനം ചെലുത്തിയ സഭയ്ക്കും, സഭാ സ്ഥാപനങ്ങൾക്കുമെതിരായ ഗൂഢാലോചനകൾക്കുമെതിരെ ചെറുത്തുനിൽപ്പുമായി യുവജന പ്രസ്ഥാനം മുന്നിലുണ്ടാവുമെന്ന് അദ്ദേഹം പറഞ്ഞു. കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ബിബിൻ പിലാപ്പിള്ളിൽ എന്നിവർ സംസാരിച്ചു. രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, വിവിധ മേഖല യൂണിറ്റ് പ്രതിനിധികൾ, വിവിധ മേഖലകളിൽ നിന്നായി വന്ന യുവജന സുഹൃത്തുക്കൾ എന്നിവർ പ്രതിഷേധ സദസ്സിൽ പങ്കുചേർന്നു.

## ഒറ്റക്കെട്ടായി എതിർക്കും: ചങ്ങനാശേരി അതിരൂപത

കാഞ്ഞിരപ്പള്ളി: അമൽജ്യോതി എൻജിനിയറിംഗ് കോളജിനെതിരേ നടക്കുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ചങ്ങനാശേരി അതിരൂപത. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കലിൻറെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം കാഞ്ഞിരപ്പള്ളി രൂപതാകേന്ദ്രം സന്ദർശിച്ചു. അതിരൂപത പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. തോമസ് കറുകക്കളം, കോർപറേറ്റ് മാനേജർ ഫാ. ജോസഫ് കറുകയിൽ എന്നിവരും വൈദികസമിതി പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ, ജാഗ്രതാസമിതി, ഈസ്റ്റേൺ കാത്തലിക് അസോസിയേഷൻ, കത്തോലിക്കാ കോൺഗ്രസ്, വിശ്വാസപരിശീലനവിഭാഗം, യുവദീപ്തി, കെസിവൈഎം തുടങ്ങിയ സംഘടനകളെ പ്രതിനിധീകരിച്ച് അല്മായരും സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ക്രൈസ്തവസമൂഹത്തിനെതിരായ ആക്രമണങ്ങളെ ഒറ്റക്കെട്ടായി എതിർക്കുമെന്നും സഭാസമൂഹത്തെ നിരന്തരമായി അപകീർത്തിപ്പെടുത്തുന്നതും സഭാസംവിധാനങ്ങളുടെ നിലനിൽപ്പിനെ വെല്ലുവിളിക്കുന്നതുമായ പ്രവണതകൾ വളർന്നുവരുന്ന സാഹചര്യത്തിൽ സഭാ ശത്രുക്കളെ ശക്തമായി നേരിടുമെന്നും ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തപ്രസ്താവനയിൽ വ്യക്തമാക്കി.



# ശ്രീ ഉമ്മൻ ചാണ്ടി സമാനതകളില്ലാത്ത പൊതുപ്രവർത്തകൻ



**– കർദിനാൾ മാർ ജോർജ് ആലഞ്ചേരി**


പുതുപ്പള്ളി: സമാനതകളില്ലാത്ത പൊതുപ്രവർത്തകനായിരുന്നു ഉമ്മൻചാണ്ടിയെന്നു അനുശോചനസന്ദേശത്തിൽ സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. പുതുപ്പള്ളി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ നടന്ന അനുശോചന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു കർദിനാൾ. മാനവിക മൂല്യങ്ങളായ സത്യം, നീതി, സമത്വം എന്നിവ ആഴത്തിൽ ഉൾക്കൊണ്ട വ്യക്തിത്വത്തിൻറെ ഉടമയായിരുന്നു അദ്ദേഹം. ക്രിസ്തീയ വിശ്വാസത്തിൻറെ നന്മകളായ ദയ, ക്ഷമ, സ്നേഹം, സഹനശക്തി എന്നിവ ജീവിതത്തിലൂടെ ഭാരതത്തിനു വേണ്ടി സമർപ്പിച്ചു. പുതുപ്പള്ളി അദ്ദേഹത്തിനു സ്വന്തമായിരുന്നു. എന്നും കുടുംബത്തെ പോലെയായിരുന്നു പുതുപ്പള്ളി. കേരളം മുഴുവൻ അദ്ദേഹത്തിനു പുതുപ്പള്ളിയായിരുന്നു. എല്ലാവരെയും സ്വന്തം കുടുംബത്തിലെ അംഗത്തെ പോലെ കണ്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യക്തി എന്ന നിലയിൽ ഭരണാധികാരി എന്ന നിലയിൽ ഉത്തമ മാതൃകയാണ്. കേരളത്തിൻറെ മനസിൽ എന്നും ഉമ്മൻചാണ്ടി സ്മരണയായി നിലനിൽക്കും. ദൈവത്തെ ആശ്രയിച്ചു കൊണ്ട് അദ്ദേഹം ജീവിച്ചു. വിശുദ്ധ കുർബാനയിൽ സജീവമായി പങ്കാളിയാകുന്ന ഉമ്മൻചാണ്ടിയെ ഓർമിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

## കേരളത്തിന്റെ വികസനത്തിനായി പരിശ്രമിച്ച ജനപ്രിയ നേതാവ്

**– സിബിസിഐ**



തൃശൂർ: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ സിബിസിഐ പ്രസിഡൻറ് മാർ ആൻഡ്രൂസ് താഴത്ത് അനുശോചിച്ചു. കേരളത്തിൻറെ വികസനത്തിനായി അശ്രാന്തം പരിശ്രമിച്ച ജനപ്രിയ രാഷ്ട്രീയ നേതാവാണ്. തൃശൂർ അതിരൂപതയോട് ഏറെ ആത്മബന്ധം പുലർത്തിയിരുന്ന അദ്ദേഹം എന്നോട് വ്യക്തിപരമായി അടുപ്പം കാണിച്ചിരുന്നു. ഇരുപതിലധികം തവണ തൃശൂർ ആർച്ച്ബിഷപ്സ് ഹൗസിൽ അതിഥിയായി എത്തിയത് തൃശൂർ അതിരൂപതയുമായി അദ്ദേഹത്തിന് ഉണ്ടായിരുന്ന വ്യക്തിബന്ധത്തിൻറെ പ്രകടനമാണ് ആർച്ച്ബിഷപ് അനുശോചന സന്ദേശത്തിൽ പറഞ്ഞു.




## കേരളത്തെ മതനിരപേക്ഷ പാതയിൽ നയിച്ച നേതാവ്

**– കെസിബിസി**



കൊച്ചി: ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കപ്പുറം കേരളത്തെ മതനിരപേക്ഷ പാതയിൽ നയിക്കാൻ ശ്രമിച്ച നേതാവാണ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെന്ന് കെസിബിസി അനുശോചന സന്ദേശത്തിൽ പറഞ്ഞു. മുഖ്യമന്ത്രി എന്നനിലയിൽ കേരളത്തിലുടനീളം അദ്ദേഹം സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി ലക്ഷക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾ നേരിട്ട് പരിഹരിക്കുന്നതിന് ഉപകരിച്ചു. ഉമ്മൻ ചാണ്ടിയുടെ ദേഹവിയോഗത്തിൽ കേരള ജനതയോടും അദ്ദേഹത്തിൻറെ കുടുംബാംഗങ്ങളോടുമൊപ്പം ദുഃഖവും അനുശോചനവും അറിയിക്കുന്നതായി കെസിബിസി വക്താവ് ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പ്രസ്താവനയിൽ പറഞ്ഞു.



## രാഷ്ട്രീയത്തിലെ നന്മയുടെ ജനനായകൻ

**– മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട: രാഷ്ട്രീയത്തിൽ നന്മയുടെയും ആദർശ ശുദ്ധിയുടെയും ഉന്നത മാതൃകയായി സർവവിഭാഗം ജനങ്ങളുടെയും ആദരവുനേടിയ ജനനായകനാണ് ഉമ്മൻ ചാണ്ടിയെന്ന് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അനുശോചന കുറിപ്പിൽ വ്യക്തമാക്കി. സുദീർഘമായ പൊതുജീവിതത്തിൽ ഉടനീളം അദ്ദേഹം സത്യസന്ധതയും ജീവിതലാളിത്യവും പുലർത്തി. ഇരിങ്ങാലക്കുട രൂപതയുമായി എക്കാലവും അദ്ദേഹം ഊഷ്മള സൗഹൃദം നിലനിർത്തിയിരുന്നു.സർവാദരണീയനായ അദ്ദേഹത്തിൻറെ നിര്യാണത്തിൽ ഇരിങ്ങാലക്കുട രൂപത ഹൃദയപൂർവം അനുശോചിക്കുന്നുവെന്ന് മാർ പോളി കണ്ണൂക്കാടൻ കൂട്ടിചേർത്തു.

## ജനകീയ നേതാവിന്റെ നിര്യാണം തീരാനഷ്ടം **– മാർ മാത്യു മൂലക്കാട്ട്**



കോട്ടയം: അനന്യമായ കർമ്മശേഷിയും രാഷ്ട്രീയ നൈപുണ്യവും ജനസ്വാധീനവും വ്യക്തിപ്രഭാവവും സർവ്വോപരി ദൈവാശ്രയബോധവുമുണ്ടായിരുന്ന ഉമ്മൻചാണ്ടിയെന്ന ജനകീയ നേതാവിന്റെ നിര്യാണം തീരാനഷ്ടമെന്ന് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അനുശോചന സന്ദേശത്തിൽ അറിയിച്ചു. കോട്ടയം അതിരൂപതയുടെയും ക്നാനായ സമുദായത്തിന്റെയും വളർച്ചയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ള വലിയ സംഭാവനകൾ നന്ദിയോടെ കോട്ടയം അതിരൂപത അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെ അതിരൂപതയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



# വലിയ കുടുംബം സമൂഹത്തിന്റെ സമ്പത്ത്: ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

തൃശൂർ അതിരൂപത



തൃശൂർ: വലിയ കുടുംബങ്ങൾ സമൂഹത്തിന്റെ സമ്പത്താണെന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. തൃശ്ശൂർ അതിരൂപത ജോൺ പോൾ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ 2000 ആണ്ടിന് ശേഷം വിവാഹിതരായവരും നാലും അതിൽ കൂടുതൽ മക്കളുള്ളതുമായ കുടുംബങ്ങളുടെ സംഗമം 'ല്ഹ യിം മീറ്റ് 2023' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ അനുഗ്രഹം നിറഞ്ഞതും നാടിന്റെ നന്മകൾക്കും വികസനത്തിനും വലിയ പങ്ക് വഹിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. മെയ് 28 ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസലിക്ക പള്ളിയിൽ വെച്ച് അതിരൂപത ഫാമിലി അപ്പസ്തൊലെറ്റ് ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ കാർമ്മികത്വം വഹിച്ച ദിവ്യബലിയോട് കൂടി സംഗമം ആരംഭിച്ചു. തുടർന്ന് 3.30ന് ബസലിക്ക ഹാളിൽ നടന്ന പൊതുയോഗത്തിൽ അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര, കെസിബിസി പ്രോലൈഫ് സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ച്ചങ്ങാടൻ, സീറോമലബാർസഭ പ്രൊലൈഫ് അപ്പോസ്തലേറ്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ്, അതിരൂപത പ്രോലൈഫ് സമിതി പ്രസിഡണ്ട് രാജൻ ആന്റണി, അതിരൂപത കുടുംബകൂട്ടായ്മ കൺവീനർ ഷിന്റോ മാത്യു, ബസിലിക്ക റെക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, വിവിധ കോൺഗ്രിഗേഷൻ സുപ്പീരിയേഴ്സ് എന്നിവർ സംസാരിച്ചു. പ്രസ്തുത ചടങ്ങിൽ ജീവന്റെ മേഖലയിൽ മികച്ച സംഭാവനകൾ നൽകിയ ഡോ. ജെറി ജോസഫ് OFS, വലിയ കുടുംബ മാതൃകയായ മുണ്ടൂർ കൊള്ളന്നൂർ തറയിൽ വിൽസൺലില്ലി ദമ്പതികളെ ആദരിച്ചു. സ്നേഹവിരുന്നോടുകൂടി സംഗമം സമാപിച്ചു.

# ദൈവവചനം ക്രൈസ്തവജീവിതത്തിന്റെ ശക്തിസ്രോതസ്: മാർ ആലഞ്ചേരി

ചങ്ങനാശേരി അതിരൂപത



ചങ്ങനാശേരി: ദൈവവചനം ക്രൈസ്തവ ജീവിതത്തിൻറെ ശക്തിസ്രോതസാണെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പൊസ്തലേറ്റിൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച നൂറുമേനി ദൈവവചന മനഃപാഠമത്സരത്തിലെ വിജയികളുടെ നൂറുമേനി മഹാസംഗമം എസ്ബി കോളജ് കാവുകാട്ട് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കർദിനാൾ. സഭയുടെ സാമൂഹിക കാരുണ്യ പ്രവർത്തനം വചനത്തിൻറെ പൂർത്തീകരണമാണ്. മറ്റ് രൂപതകൾക്ക് എന്നും മാർഗദർശനം പകരുന്ന ചങ്ങനാശേരി അതിരൂപതയിൽ ആവിഷ്കരിച്ച നൂറുമേനി വചന മനഃപാഠ മത്സര പദ്ധതി മാതൃകാപരമാണ്. കുട്ടികളുടെയും യുവജനങ്ങളുടെയും മതബോധനത്തിനും വചന പഠനത്തിനും ആധുനിക സാങ്കതിക മാധ്യമങ്ങൾ ഉപയോഗപ്പെടുത്തണം അദ്ദേഹം ഓർമിപ്പിച്ചു. നൂറുമേനി സീസൺ ടു പ്രഖ്യാപനവും കർദിനാൾ നിർവഹിച്ചു.

ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. വചനം സ്വന്തമാക്കുന്നതാണ് മഹത്തായ സമ്പത്തെന്നും വചനം ജീവിതത്തെ വിശുദ്ധീകരിക്കുമെന്നും മാർ പെരുന്തോട്ടം പറഞ്ഞു. സഹായമെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. മുൻ ഡിജിപി ഡോ. സിബി മാത്യൂസ്, നടനും സംവിധായകനുമായ ജോണി ആൻറണി, അതിരൂപത ബൈബിൾ അപ്പൊസ്തലേറ്റ് കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, നൂറുമേനി സംഘാടകസമിതി ചെയർമാൻ സണ്ണി തോമസ് ഇടിമണ്ണിക്കൽ, വികാരി ജനറാൾമാരായ മോൺ. വർഗീസ് താനമാവുങ്കൽ, മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, മാക്ടിവി ഡയറക്ടർ ഫാ.ആൻറണി എത്തയ്ക്കാട്ട്, ഡോ.റൂബിൾ രാജ്, ഡോ. പി. സി. അനിയൻകുഞ്ഞ് തുടങ്ങിയവർ പ്രസംഗിച്ചു.

# കെ.സി.വൈ.എം മാനന്തവാടി രൂപത ടാസ്ക് ഫോഴ്സ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു

മാനന്തവാടി രൂപത



മാനന്തവാടി: വരാനിരിക്കുന്ന മഴക്കാലത്തിനു മുന്നോടിയായി, മഴക്കെടുതികളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി കെ.സി.വൈ.എം മാനന്തവാടി രൂപത രൂപീകരിച്ച ടാസ്ക് ഫോഴ്സിലെ അംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി. മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽനിന്നുള്ള സേവന സന്നദ്ധരായ യുവജനങ്ങളെ ഉൾപ്പെടുത്തി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ടാണ് ട്രെയിനിങ് സംഘടിപ്പിച്ചത്. ഡിസാസ്റ്റർ മാനേജ്മെന്റ് വയനാടിന്റെ കൺസൾട്ടന്റായ ഡോക്ടർ അഖിൽ ദേവ്, ഫയർ ആൻഡ് സേഫ്റ്റി ടീം അംഗം ജെയിംസ് പി.സി, മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിലെ ബേസിക് ലൈഫ് സപ്പോർട്ട് ടീം അംഗങ്ങളായ ലീമ ലാൻസി, സൗമ്യ വർഗ്ഗീസ്, എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കെസിവൈഎം മാനന്തവാടി രൂപത ഡയറക്ടർ ഫാദർ സാന്റോ അമ്പലത്തറ, ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചുമലയിൽ, സെക്രട്ടറി ടിജിൻ ജോസഫ്, ട്രെഷറർ ബിബിൻ പിലാപ്പിള്ളിൽ, കോർഡിനേറ്റർ അഖിൽ വാഴച്ചാലിൽ, സ്റ്റേറ്റ് സെനറ്റ് മെമ്പർ ലിബിൻ മേപ്പുറത്ത്, WSSS ഡയറക്ടർ ഫാദർ ജിനോജ് പാലത്തടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ മേഖലകളിൽ നിന്നായി അറുപതോളം യുവജനങ്ങൾ പങ്കെടുത്തു.




# കരുത്തുറ്റ വനിതാനേതൃത്വം ഉയർന്നുവരണം

## –മാർ ജോസ് പുളിക്കൽ

SYRO-MALABAR MATHRUVEDI



കാക്കനാട്: കരുത്തുറ്റ വനിതാനേതൃത്വം സഭയിലും സമൂഹത്തിലും ഉയർന്നുവരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ. സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വെച്ചു നടത്തപ്പെട്ട സീറോമലബാർ മാതൃവേദിയുടെ ഇന്റർനാഷണൽ സെനറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ അമ്മമാർ മനസ്സിലാക്കണമെന്നും പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ട് ജാഗ്രതയോടെ ജീവിക്കണമെന്നും ശക്തമായ കാഴ്ച്ചപ്പാടുകളും നിലപാടുകളുമുള്ള അമ്മമാർ നേതൃനിരയിലേക്ക് ഉയർന്നുവരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മാതൃവേദി പ്രസിഡന്റ് ബീന ജോഷി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, ജനറൽ സെക്രട്ടറി ആൻസി ചേന്നോത്ത്, സൗമ്യ സേവ്യർ എന്നിവർ പ്രസംഗിച്ചു. മണിപ്പൂർ ജനത അനുഭവിക്കുന്ന പീഡനങ്ങളെ സമ്മേളനം അപലപിക്കുകയും, മരണമടഞ്ഞവരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും, ഭവനവും മറ്റ് വസ്തുവകകളും ഇല്ലാതാവുകയും ചെയ്തവരുടെ വേദനയിൽ അവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ആനിമേറ്റർ സി. ജീസ്സ സിഎംസി, ഗ്രേസി ജോസഫ്, ഡിംബിൾ ജോസ്, ഷീജ ബാബു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 24 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു

# വാഴവെട്ട് കർഷകരോടുള്ള സർക്കാർ വെല്ലുവിളി: അഡ്വ. ബിജു പറയന്നിലം



വാരപ്പെട്ടി: കോതമംഗലം വാരപ്പെട്ടിയിൽ കെഎസ്ഇബി ഉദ്യോഗസ്ഥന്മാർ കർഷകന്റെ കുലച്ച വാഴകൃഷി വെട്ടി നശിപ്പിച്ചത് കർഷകരോടുള്ള സർക്കാരിന്റെ നിഷേധാത്മക സമീപനവും ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ദാർഷ്ട്യവും വെല്ലുവിളിയുമാണ് തെളിയിക്കുന്നത് എന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം. ജനാതിപത്യ സംവിധാനത്തിൽ ഉദ്യോഗസ്ഥരാജ് ഒരു കാരണവശാലും അനുവദിക്കില്ല എന്നും കർഷക വിഷയങ്ങളിൽ സർക്കാർ ഉദാസീനത വെടിഞ്ഞ് കർഷകരോടൊപ്പം നിലകൊള്ളണമെന്നും ഈ കർഷകന്റെ ബാങ്ക് ലോൺ സർക്കാർ അടച്ച് തീർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും അഡ്വ. ബിജു പറയനിലം ആവശ്യപ്പെട്ടു. ഈ വാഴവെട്ടലിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ഇവരെ വെള്ള പൂശുന്നതിനുള്ള കെ.എസ്.ഇ.ബിയുടെ ശ്രമങ്ങൾ അവസാനിപ്പിക്കുകയും വേണം.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഭാരവാഹികളായ ഡോ. ജോസ് കുട്ടി ജെ ഒഴുകയിൽ, ബെന്നി ആന്റണി, ഐയ്പച്ചൻ തടിക്കാട്ട്, കോതമംഗലം രൂപത ഡയറക്ടർ ഫാ. ഇമ്മാനുവൽ പിച്ചളക്കാട്ട്, രൂപത ഭാരവാഹികളായ ജോസ് പുതിയേടം, ജോൺ മുണ്ടംകാവിൽ, അബി മാത്യൂസ് തുടങ്ങിയവർ അടങ്ങിയ സംഘം വാരപ്പെട്ടിയിലെ സ്ഥലം സന്ദർശിച്ചു.

# സൗത്ത് ഏഷ്യൻ വിശ്വാസപരിശീലന ശില്പശാല നേപ്പാളിൽ സംഘടിപ്പിച്ചു

CATECHETICAL COMMISSION



കാക്കനാട്: 'ലോകത്തിന് സാക്ഷികളായി വിളിക്കപ്പെട്ടവർ' എന്ന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി Federation of Asian Bishops' Conference (FABC) വിശ്വാസപരിശീലകർക്കായി സംഘടിപ്പിച്ച ശില്പശാല (Workshop) മെയ് 24-28 വരെ നേപ്പാളിൽ വെച്ചു നടന്നു. ദക്ഷിണേഷ്യൻ രാജ്യങ്ങളായ ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നായി 33 പ്രതിനിധികൾ സംബന്ധിച്ച വർക്ക്ഷോപ്പിൽ സീറോമലബാർസഭയെ പ്രതിനിധീകരിച്ച് വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, ടീം അംഗങ്ങളായ ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടത്തിൽ (കാഞ്ഞിരപ്പള്ളി), സി. ഹംബലിൻ സി.എം.സി. (തൃശ്ശൂർ) എന്നിവർ പങ്കെടുത്തു. സീറോമലബാർസഭയുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മീറ്റിംഗിൽ അവതരിപ്പിച്ചു.

മുംബൈ സഹായമെത്രാനും FABC യുടെ സംഘാടകനുമായ ബിഷപ്പ് ആൽവിൻ ഡി സിൽവ സമ്മേളനം ഉദ്ഘാടനം ചെയ്തു. FABCയുടെ ഘടനയും ഉത്തരവാദിത്വങ്ങളും വിശ്വാസപരിശീലനത്തിന്റെ മുഖ്യവിഷയങ്ങളും പഠനവിധേയമായി. ഈശോമിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ ഈ സമ്മേളനം പ്രചോദനം നൽകുന്നതായിരുന്നുവെന്ന് പ്രതിനിധികൾ അഭിപ്രായപ്പെട്ടു.


De Paul INSTITUTE OF SCIENCE AND TECHNOLOGY | DiSAT NILAMBUR
Run by Vincentian Fathers Under De Paul Education Trust
Affiliated to University of Calicut and Recognized by Government of Kerala




COURSES OFFERED
BCA Bachelor of Computer Application
BSW Bachelor of Social Work
B.Com Bachelor of Commerce in Finance
INTEGRATED DIPLOMA IN FILM MAKING & FILM EDITING

DiSAT Nilambur, De Paul Nagar, Near Nilambur Railway Station, Malappuram - 679 330, Kerala, India.
www.disat.in
depauldisat@gmail.com
+91 83040 33 246
+91 04931 221518

# മനുഷ്യജീവൻ സംരക്ഷിക്കാൻ സർക്കാരിനും സമൂഹത്തിനും ഉത്തരവാദിത്വം

അല്മായ കമ്മീഷൻ

COMMISSION FOR LAITY



കാഞ്ഞിരപ്പള്ളി: വന്യജീവി ആക്രമണങ്ങൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യജീവൻ സംരക്ഷിക്കാൻ സർക്കാരിനും സമൂഹത്തിനും ഉത്തരവാദിത്തമുണ്ടെന്ന് സീറോമലബാർസഭയുടെ കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷൻ പ്രസ്താവിച്ചു. നമ്മുടെ പ്രകൃതിയും വനവുമെല്ലാം സംരക്ഷിക്കപ്പെടണം, എന്നാൽ മനുഷ്യർക്കും അർഹമായ നീതി ലഭിക്കണം. വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും ആൾ നാശത്തിനും ഉടൻ നഷ്ടപരിഹാരം ലഭ്യമാക്കാൻ അടിയന്തരമായി സർക്കാർ ഇടപെടണമെന്നും അൽമായ കമ്മീഷൻ അഭ്യർത്ഥിച്ചു.

കേരളത്തിലെ റബ്ബർ കർഷകരുടെ പ്രതിസന്ധിക്ക് കാരണം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവൈകല്യങ്ങളാണെന്നും, റബ്ബറിനെ കാർഷിക വിളയയായി പ്രഖ്യാപിച്ച് 300 രൂപ താങ്ങുവില നിശ്ചയിച്ച് കേന്ദ്രസർക്കാർ സംഭരണം ഏർപ്പെടുത്തണമെന്നും, റബ്ബർ ഉത്പാദനത്തിൽ മുന്നിലുള്ള കേരളത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. കേരളത്തിലെ നെൽകർഷകരുടെ അവസ്ഥ അതീവഗുരുതരമാണെന്നും കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ സെന്ററിൽ നടന്ന അൽമായ കമ്മീഷന്റെ അസാധാരണ യോ ഗം വിലയിരുത്തി. നെല്ലിന്റെ വില ലഭിക്കാതെ കർഷകരിൽ പലരും ആത്മഹത്യയുടെ വക്കിലാണ്. സർക്കാർ സംഭരിച്ച നെല്ലിന്റെ വില മുഴുവനും അടിയന്തരമായി കർഷകർക്ക് നൽകണം. സങ്കീർണമായ നടപടിക്രമങ്ങൾ കർഷകർക്ക് തുക കൈയിലെത്താൻ തടസ്സമാകുന്നുണ്ട്. തുടർച്ചയായി ഉണ്ടാകുന്ന തിരിച്ചടികളെ അതിജീവിച്ച് കൃഷി നടത്തിയിട്ടും സംഭരിച്ച നെല്ലിന്റെ വില പോലും കർഷകർക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്നത് കടുത്ത അനീതിയാണ്.

മണിപ്പുരിൽ അക്രമം അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ബന്ധപ്പെട്ടവരും തയ്യാറാകണം. മണിപ്പൂരിൽ കേന്ദ്രസർക്കാർ എത്രയും വേഗം ഇടപെട്ട് കാര്യക്ഷമമായ നടപടി സ്വീകരിക്കുകയും ക്രമസമാധാനം പുനഃസ്ഥാപിക്കുകയും ചെയ്യണം.

കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ എപ്പിസ്കോപ്പൽ മെമ്പർ മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റവ. ഡോ. ആന്റണി മൂലയിൽ സ്വാഗതം ആശംസിച്ചു. വിവിധ ഫോറങ്ങളുടെ ഡയറക്ടർമാരായ ഫാ. ലോറൻസ് തൈക്കാട്ടിൽ, ഫാ. ഡെന്നി താണിക്കൽ, ഫാ. മാത്യു ഓലിക്കൽ, അൽമായ നേതാക്കളായ വി.സി.സെബാസ്റ്റ്യൻ, ടോണി ചിറ്റിലപ്പിള്ളി, സാബു ജോസ്, രാജീവ് കൊച്ചുപറമ്പിൽ, ഡോ. ഡെൻസൺ പാണേങ്ങാടൻ, ബീന ജോഷി, ആൻസി മാത്യു തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

# വൊക്കേഷൻ പ്രൊമോട്ടർ ക്രിസ്തുവിന്റെ സാക്ഷിയാകണം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

COMMISSION FOR VOCATION



കാക്കനാട്: വൊക്കേഷൻ പ്രൊമോട്ടർമാർ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാകണമെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സീറോമലബാർ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന 2022-'23 റിപ്പോർട്ടിംഗ് വർഷത്തിലെ വൊക്കേഷൻ പ്രൊമോട്ടർമാരുടെ വാർഷിക മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രിസ്തുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരാകണം ദൈവവിളി പ്രോത്സാഹകരന്നും കുട്ടികളെയും യുവജനങ്ങളെയും സ്വന്തമാക്കി അവരെ സഭയുടെ ഭാവിവാഗ്ദാനങ്ങളായി വളർത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ദൈവവിളി കമ്മീഷൻ ചെയർമാൻ മാർ ലോറൻസ് മുക്കുഴി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എപ്പിസ്കോപ്പൽ മെമ്പർ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ യോഗത്തിന് ആശംസകൾ അർപ്പിച്ചു. ഫാ. തോമസ് ഈറ്റക്കകുന്നേൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കമ്മീഷനിൽ നിന്നും വിരമിച്ച അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട്, ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ MCBS, സി. ജിഷ ജോബ് MSMI എന്നിവർക്ക് നന്ദിയും ആശംസകളും അർപ്പിച്ചു.

സിസ്റ്റർ സിജിന MLFന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ്ങിന് ഫാ. തോമസ് മേൽവെട്ടത്ത് സ്വാഗതം ആശംസിച്ചു. വൊക്കേഷൻ പ്രമോട്ടർമാരുടെ വാർഷിക റിപ്പോർട്ട് ഓഫീസ് സെക്രട്ടറി ആയിരുന്ന സിസ്റ്റർ ജിഷ ജോബ് MSMI അവതരിപ്പിച്ചു. 218 പേർ പങ്കെടുത്ത മീറ്റിംഗിൽ ദൈവവിളി പ്രോത്സാഹനരംഗങ്ങളിൽ നേരിടേണ്ടി വരുന്ന അനുകൂലവും പ്രതികൂലവും ആയ കാര്യങ്ങൾ ചർച്ച ചെയ്യുകയും ഈ മേഖലയിലെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. സി. ജിൻസി ചാക്കോ MSMI നന്ദി പറഞ്ഞു.



# രാമനാഥപുരം രൂപതാ അസംബ്ലി സമാപിച്ചു



കോയമ്പത്തൂർ: സാന്തോം പാസ്റ്ററൽ സെന്ററിൽ നടന്ന രാമനാഥപുരം രൂപതയുടെ പ്രഥമ രൂപതാ അസംബ്ലി സമാപിച്ചു. ജൂൺ ഒൻപതാം തിയതി വെള്ളിയാഴ്ച രാവിലെ 9.30ന് ആരംഭിച്ച അസംബ്ലി പതിനൊന്നാം തിയതി ഞായറാഴ്ച വൈകിട്ട് നാല് മണിക്ക് അവസാനിച്ചു. ''സിറോമലബാർ സഭയുടെ ദൗത്യവും ജീവിതവും: കാലഘട്ടത്തിന്റെ ആവശ്യങ്ങളോടുള്ള പ്രതികരണം രാമനാഥപുരം രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിൽ''-എന്ന പ്രവർത്തന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഏഴ് പ്രവർത്തനമേഖലകളാണ് രൂപതായോഗം ചർച്ച ചെയ്യുകയും പരിഹാരമാകേണ്ട കർമ്മ പദ്ധതികൾക്ക് രൂപം നല്കുകയും ചെയ്തത്.

സമാപന സമ്മേളനത്തിൽ രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് 'അതിവിശാലമായ മിഷൻ രൂപത എന്ന നിലയിൽ മേഖലാ ഫൊറോന സംവിധാനങ്ങൾ എങ്ങനെ കൂടുതൽ ശക്തിപ്പെടുത്താം എന്ന വിഷയത്തിൽ ചർച്ചകൾക്ക് നേതൃത്വം നൽകുകയും സമാപന സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഫാ. ജോർജ് നരിക്കുടി അസംബ്ലിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് രൂപതാ യോഗം നടത്തിയ ചർച്ചകളുടെ സംക്ഷിപ്ത റിപ്പോർട്ട് സിറിയക് ചൂരവടി അവതരിപ്പിച്ചു.

യോഗത്തിൽ ഉരിത്തിരിഞ്ഞ നിർദ്ദേശങ്ങളും രൂപതയുടെ ഭാവി പ്രവർത്തനപദ്ധതികളും ഫാ. മാർട്ടിൻ പട്ടരുമഠത്തിൽ അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവർക്കും അതിന്റെ പിന്നിൽ അധ്വാനിച്ചവർക്കും രൂപതയോഗം സെക്രട്ടറി സി. ദർശന എഫ്സിസി നന്ദി പറഞ്ഞു.രൂപതയുടെ വിവിധ തലങ്ങളിൽ നിന്നായി നൂറോളം പ്രതിനിധികൾ പങ്കെടുത്തു. കൺവീനർ ഫാ. ടോമി പുന്നത്താനത്ത്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എ ആർ ജോസ്, രൂപതാ പി.ആർ.ഒ. വികാരി ജനറാൾ മോൺ. ജോസഫ് ആലപ്പാടൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപതായോഗത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

# ഇടുക്കി രൂപത പ്രഥമ എപ്പാർക്കിയൽ അസംബ്ലി പഠനരേഖ പ്രകാശനം ചെയ്തു

ഇടുക്കി രൂപത




കരിമ്പൻ: ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി നവംബർ 19 മുതൽ 21 വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടക്കും. ഇതിനുള്ള പഠനരേഖ അടിമാലിയിൽ ചേർന്ന വൈദിക സമ്മേളനത്തിൽ ഇടുക്കി രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വാഴത്തോപ്പ് സെൻറ് ജോർജ് കത്തീഡ്രൽ വികാരി ഫാ. ഫ്രാൻസിസ് ഇടവക്കണ്ടത്തിനു നൽകി പ്രകാശനം ചെയ്തു.

രൂപതാധ്യക്ഷനും വൈദിക സന്യസ്ത അല്മായ പ്രതിനിധികളും ഉൾകൊള്ളുന്ന ഉപദേശകസമിതിയാണ് എപ്പാർക്കിയൽ അസംബ്ലി. ഇടുക്കി രൂപത സ്ഥാപിതമായതിൻറെ രജത ജൂബിലി ആഘോഷങ്ങൾക്കൊരുക്കമായി ഒരു പഞ്ചവത്സര അജപാലന കർമരേഖക്ക് രൂപം കൊടുക്കുക എന്നതാണ് അസംബ്ലിയുടെ ലക്ഷ്യം. ജോയി പ്ലാത്തറ, സണ്ണി കടുത്താഴെ എന്നിവർ ക്ലാസുകൾ നയിച്ചു. എപ്പാർക്കിയൽ അസംബ്ലിയുടെ പ്രാധാന്യവും ആശങ്കയും രൂപത മുഖ്യ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ അവതരിപ്പിച്ചു. റവ.ഡോ. തോമസ് പഞ്ഞിക്കുന്നേൽ, റവ.ഡോ. മാർട്ടിൻ പൊൻപനാൽ എന്നിവർ പ്രസംഗിച്ചു.

# ബാലനായ യേശുവിന്റെ ജീവിതരീതി കുട്ടികൾ മാതൃകയാക്കണം: മാർ പണ്ടാരശ്ശേരിൽ

ചിക്കാഗോ രൂപത

ചിക്കാഗോ: ജ്ഞാനത്തിലും പ്രായത്തിലും ദൈവീക പ്രീതിയിലും വളർന്നുവന്ന ബാലനായ യേശുവിന്റെ ജീവിത രീതി കുട്ടികൾ മാതൃകയാക്കണമെന്ന് കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ. അമേരിക്കയിലെ ക്നാനായ റീജിയണിലെ ചെറുപുഷ്പ മിഷൻ ലീഗ് സംഘടിപ്പിച്ച 'എയ്ഞ്ചൽസ് മീറ്റ് 2023' ഉദ്ഘാടനം ചെയ്തത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചിക്കാഗോ രൂപതയിലെ ക്നാനായ റീജിയണിലെ ഇടവകകളിലും മിഷനുകളിലുമായി ഈ വർഷം പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളാണ് ഈ ഓൺലൈൻ സംഗമത്തിൽ പങ്കുചേർന്നത്. ക്നാനായ റീജിയൺ വികാരി ജനറൽ ഫാ. തോമസ്സ് മുളവനാൽ ആശംസകളർപ്പിച്ചു.



അമേരിക്കയിൽ നാഷണൽ യുകരിസ്റ്റിക് റിവൈവൽ കാലഘട്ടമായി ആചരിക്കുന്നതിനാൽ വിശുദ്ധ കുർബാനയെക്കുറിച്ചു സിസ്റ്റർ ജോസ്‌ലിൻ ഇടത്തിൽ കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് എടുത്തു. ചെറുപുഷ്പ മിഷൻ ലീഗ് ക്നാനായ റീജിയണൽ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, റീജിയണൽ ജനറൽ ഓർഗനൈസർ സിജോയ് പറപ്പള്ളിൽ, പ്രസിഡന്റ് സെറീന മുളയാണിക്കുന്നേൽ, സെക്രട്ടറി ജെയിംസ് കുന്നശ്ശേരി എന്നിവർ സംസാരിച്ചു.

# കോട്ടയം അതിരൂപതയിലെ വൈദികരുടെ തുടർ പരിശീലനം

കോട്ടയം അതിരൂപത



കോട്ടയം: കോട്ടയം അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായുള്ള തുടർ പരിശീലനത്തിന്റെ രണ്ടാം ബാച്ചിനു തുടക്കമായി. കോതനല്ലൂർ തൂവാനിസാ പ്രാർത്ഥനാലയത്തിൽ ജൂലൈ 4, 5 തീയതികളിൽ നടന്ന പരിശീലനം കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. പരിശീലനത്തിൽ 2009നു മുൻപ് വൈദികപട്ടം സ്വീകരിച്ച 95 വൈദികർ പങ്കെടുത്തു. ജൂൺ 27, 28 തീയതികളിൽ സംഘടിപ്പിച്ച ആദ്യ ബാച്ച് പരിശീലനത്തിൽ 2008ന് ശേഷം വൈദികപട്ടം സ്വീകരിച്ച 60 വൈദികർ പങ്കെടുത്തിരുന്നു. വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും നടന്നു.



## ത്രിദിന ഫെയ്ത് ഫെസ്റ്റ്

മെൽബൺ രൂപത

# 'വിശ്വാസോത്സവം 2023' സംഘടിപ്പിച്ചു




ബ്രിസ്ബെൻ: മെൽബൺ സീറോമലബാർ രൂപതയുടെ കീഴിലുള്ള ബ്രിസ്ബെൻ സൗത്ത് സെൻറ് തോമസ് പള്ളിയിൽ 2023 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ കുട്ടികൾക്കായി ത്രിദിന ഫെയ്ത് ഫെസ്റ്റ് (വിശ്വാസോത്സവം) ജൂലൈ 14 മുതൽ 16 വരെയുള്ള തീയതികളിൽ സംഘടിപ്പിച്ചു. ഏഴു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള നൂറ്റിയറുപതോളം വിദ്യാർത്ഥികൾ വിശ്വാസോത്സവത്തിൽ പങ്കെടുത്തു. സീറോമലബാർസഭയുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായി കുട്ടികളിൽ ക്രൈസ്തവ മൂല്യങ്ങളും, വിശ്വാസവും, സഭാപഠനവും, കൂദാശാതിഷ്ഠിത ജീവിതവും മാനുഷിക മൂല്യങ്ങളും, ബൈബിൾ അധിഷ്ഠിതമായ അറിവും പകർന്നു നൽകാനുതകുന്ന വിധത്തിൽ ക്രമീകരിച്ച പരിശീലന പരിപാടിയിൽ വിദ്യാർത്ഥികൾ ആവേശപൂർവം പങ്കെടുത്തു. വിശ്വാസോത്സവത്തിൻറെ അവസാനദിവസമായ ജൂലൈ 16നു വിദ്യാർത്ഥികളും, മതാധ്യാപകരും, SMYM ടീമും സംയുക്തമായി പള്ളി അങ്കണത്തിൽ വർണശബളമായ വിശ്വാസപ്രഖ്യാപന റാലി സംഘടിപ്പിച്ചു. ഫാ. എബ്രഹാം നടുക്കുന്നേൽ (ഇടവക വികാരി), രഞ്ജിത്ത് ജോൺ (സൺഡേ സ്കൂൾ പ്രിൻസിപ്പൽ), ഡയാന സോണി (ഫെയ്ത് ഫെസ്റ്റ് ജനറൽ കോഓർഡിനേറ്റർ) എന്നിവരും മതാധ്യാപകരും പരിപാടികൾക്ക് നേതൃത്വം നൽകി.

## ദേശീയവിദ്യാഭ്യാസനയം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോർജ് ആലഞ്ചേരി

പാലാ രൂപത



പാലാ: സാങ്കേതിക വിദ്യാഭ്യാസവും മികച്ച തൊഴിലവസരങ്ങളും തേടിയുള്ള യുവജനങ്ങളുടെ കുടിയേറ്റം നിയന്ത്രിക്കുവാൻ കാലഹരണപ്പെട്ട വിദ്യാഭ്യാസനയങ്ങളും ഘടനാവ്യവസ്ഥിതികളും നവീകരിക്കപ്പെടേണ്ടതുണ്ടെന്ന് സീറോമലബാർസഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

സീറോമലബാർ സിനഡൽ കമ്മിറ്റിയും പാലാ സെൻറ് തോമസ് കോളജും സംയുക്തമായി സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസനയത്തെ സംബന്ധിച്ച ഏകദിനസെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദേശീയവിദ്യാഭ്യാസനയം പൂർണമായും നടപ്പിലാകുന്നതോടെ അന്തർദേശീയ നിലവാരമുള്ള വിദ്യാഭ്യാസക്രമത്തിലേക്ക് ഭാരതത്തിന് എത്തിച്ചേരാനാകുമെന്ന് യോഗാധ്യക്ഷനും പാലാ രൂപത ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ഒരു വ്യക്തിയെ ജീവിക്കുവാൻ പരിശീലിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ് പുതിയ വിദ്യാഭ്യാസനയത്തിൻറെ അടിസ്ഥാനമെന്ന് തലശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി അഭിപ്രായപ്പെട്ടു.

പാലാ രൂപത ബിഷപ് എമെരിറ്റസ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, കോളജ് മാനേജരും മുഖ്യവികാരി ജനറാളുമായ മോൺ. ജോസഫ് തടത്തിൽ, പാലാ രൂപത കോർപറേറ്റ് സെക്രട്ടറിയും സീറോമലബാർ സിനഡൽ കമ്മിറ്റി സെക്രട്ടറിയുമായ ഫാ. ബർക്കുമാൻസ് കുന്നുംപുറം പ്രിൻസിപ്പൽ റവ. ഡോ. ജയിംസ് ജോൺ മംഗലത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

## മണിപ്പൂരിലെ കലാപം വംശഹത്യയിലേക്ക്: മാർ പാംപ്ലാനി

തലശേരി അതിരൂപത

കണ്ണൂർ: ഏകീകൃത സിവിൽ കോഡ്, മണിപ്പൂർ വിഷയങ്ങളിൽ കേന്ദ്രസർക്കാരിനെ രൂക്ഷമായി വിമർശിച്ച് തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. ഏകീകൃത സിവിൽ കോഡ് എന്താണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കണം. നിയമനിർമാണ സഭകളിൽ ചർച്ച ചെയ്ത് വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കണം. ഇന്ത്യയിൽ വിവേചനമില്ലെന്ന് അമേരിക്കയിൽ പ്രധാനമന്ത്രി പറഞ്ഞത് ആത്മാർഥതയോടെയാണെങ്കിൽ ഇക്കാര്യം മണിപ്പൂരിലെ ക്രൈസ്തവരുടെ മുഖത്തു നോക്കിയും പറയണമെന്നും മാർ ജോസഫ് പാംപ്ലാനി ആവശ്യപ്പെട്ടു. തലശേരിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മാർ ജോസഫ് പാംപ്ലാനി. രാജ്യത്തിൻറെ വൈവിധ്യങ്ങൾ, മതപരമായ പ്രത്യേകതകൾ എന്നിവ ഉൾക്കൊണ്ടാകണം ഏക സിവിൽ കോഡ് പോലുള്ള ഇത്തരമൊരു നിയമം നടപ്പാക്കാൻ. ഇന്ത്യയിൽ ഹിന്ദുക്കളും മുസ്‌ലിംകളും ക്രൈസ്തവരും മറ്റു മതസ്ഥരും മതമില്ലാത്തവരും എന്ന വ്യത്യാസം മാത്രമല്ല നിലനിൽക്കുന്നത്. മറ്റ് പല മതങ്ങളിൽനിന്നു വ്യത്യസ്തമായി ഹൈന്ദവ സമൂഹത്തിൽത്തന്നെ വലിയ വൈവിധ്യങ്ങളുമുണ്ട്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ ഏക സിവിൽ കോഡ് എന്ന സാങ്കൽപ്പിക പദം മാറ്റിവച്ച് യഥാർഥത്തിൽ എന്താണു നടപ്പാക്കാൻ പോകുന്നതെന്നു വ്യക്തമാക്കണം. ഇത്തരം കാര്യങ്ങൾ ജനാധിപത്യപരമായ ചർച്ചകൾക്കു വിധേയമാക്കാനാണ് സർക്കാർ ആദ്യം ശ്രമിക്കേണ്ടത്.



മണിപ്പൂർ വിഷയത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ആർച്ച്ബിഷപ് രൂക്ഷമായി വിമർശിച്ചു. വർഷങ്ങൾക്കു മുമ്പ് ഗുജറാത്തിലുണ്ടായതിനു സമാനമായ വംശഹത്യയിലേക്കാണ് മണിപ്പൂർ കലാപം നീങ്ങുന്നത്. കലാപകാരികൾ ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയാണ്. കലാപം നിയന്ത്രണവിധേയമാക്കുന്നതിൽ സർക്കാരുകൾക്കു വീഴ്ച പറ്റി. പോലീസിനെക്കൊണ്ട് കലാപം അടിച്ചമർത്താൻ കഴിയുന്നില്ലെങ്കിൽ സൈനികശക്തി ഉപയോഗപ്പെടുത്തി അമർച്ച ചെയ്യണം. അത്തരം നടപടി സ്വീകരിക്കാത്തത് ശരിയായ രീതിയല്ല. രാജ്യത്ത് കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള കലാപമാണ് മണിപ്പൂരിൽ നടക്കുന്നത്. വളരെ ആസൂത്രിതമായ ഗൂഢനീക്കം നടക്കുന്നുണ്ട്. ഇതിനു പിന്നിലുള്ളവരെ ഭരണകൂടം സംരക്ഷിക്കുകയാണെന്ന ആശങ്ക സ്വാഭാവികമായും പൊതുസമൂഹത്തിനുണ്ടെന്നും മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

## RED RIBBON ANTI-DRUGS CAMPAIGN "LIFE WITHOUT DRUGS"

# രൂപതാതല ഉദ്ഘാടനം നിർവഹിച്ചു

മാനന്തവാടി രൂപത



മാനന്തവാടി: കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളോട് ചേർന്ന് നിന്നുകൊണ്ടും, കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ലഹരി വിമുക്ത യൗവ്വനം എന്ന ഉപവിഷയത്തെ അടിസ്ഥാനമാക്കിയും, ജൂൺ 25 മുതൽ ജൂലൈ 25 വരെയുള്ള ഒരു മാസം, കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയ്ൻ രൂപതാതല ഉദ്ഘാടനം, കെ.സി.വൈ.എം ദ്വാരക മേഖലയുടെ ആതിഥേയത്വത്തിൽ മൊതക്കര യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു. ഇടവക കൈക്കാരൻ ശ്രീ.ജോസ് തേക്കനാൽ സ്വാഗതം ആശംസിക്കുകയും, കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ക്യാമ്പെയ്ൻ ഉദ്ഘാടനം ചെയ്ത് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോയൽ തേക്കനാൽ ലഹരി വിരുദ്ധ ഒപ്പ് ശേഖരണത്തിന് തുടക്കം കുറിച്ചു. യൂണിറ്റ് അംഗം ശ്രീ. അരുൺ മറ്റത്തിൽ നന്ദി അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി ശ്രീ അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, ദ്വാരക മേഖല പ്രസിഡന്റ് ശ്രീ. അജയ് മുണ്ടയ്ക്കൽ, യൂണിറ്റ് ഭാരവാഹികൾ ഇടവകാംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കുടുംബങ്ങളുടെ സഹകരണത്തോടെ മാത്രമെ ക്രൈസ്തവ സഭ സമ്പുഷ്ട്ടമാകു –കർദിനാൾ മാർ ആലഞ്ചേരി



കൊച്ചി: സഭയുടെ അടിസ്ഥാനം കുടുംബങ്ങളാണെന്നും, ഈ കുടുംബങ്ങൾ തന്നെയാണ് സമൂഹത്തിന്റെയും അടിസ്ഥാനമെന്നും ഉദ്ബോധിപ്പിച്ച സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കുടുംബങ്ങൾക്ക് സഭയിൽ കാലാനുസൃതമായി വരുന്ന മാറ്റങ്ങളോട് പ്രതികരിക്കാൻ സാധിക്കണമെന്നും ആവശ്യപ്പെട്ടു. കുടുംബങ്ങളുടെ സഹകരണത്തോടെ മാത്രമെ ക്രൈസ്തവ സഭ സമ്പുഷ്ട്ടമാകുവെന്നും കർദിനാൾ മാർ ആലഞ്ചേരി വ്യക്തമാക്കി. കെസിബിസി ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിന ദൈവശാസ്ത്ര സമ്മേളനം സീറോമലബാർസഭ ആസ്ഥാനത്ത് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അഭിവന്ദ്യ കർദിനാൾ. അതേസമയം, സഭയും സമൂഹവും മാറുന്നത് അടിസ്ഥാനപരമായി ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെസിബിസി ദൈവശാസ്ത്ര കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശംസിച്ചു. കേരള സഭാ നവീകരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ ഒരു ദൈവശാസ്ത്ര പ്രതികരണം' എന്ന വിഷയത്തിൽ റവ. ഡോ. അഗസ്റ്റിൻ കല്ലേലി പ്രബന്ധം അവതരിപ്പിച്ചു. ദൈവശാസ്ത്ര കമ്മീഷൻ വൈസ് ചെയർമാൻ തോമസ് മാർ കൂറിലോസ് മെത്രാപ്പൊലീത്ത മോഡറേറ്ററായി. ഫാ ഡോ. ജേക്കബ് പ്രസാദും പ്രൊഫ. മാത്യു കുരിശുംമൂട്ടിലും ചേർന്ന് വിവർത്തനം ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ഭരണക്രമരേഖ ഉൾക്കൊള്ളുന്ന ‘സുവിശേഷം പ്രസംഗിക്കുവിൻ’ എന്ന പുസ്തകം കെആർഎൽസിബിസി അദ്ധ്യക്ഷൻ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിന് നൽകി കർദിനാൾ മാർ ആലഞ്ചേരി പ്രകാശനം നിർവ്വഹിച്ചു.

വിവിധ രൂപതകളിലെ മെത്രാന്മാർ, തെരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്ര പണ്ഡിതർ, മേജർ സെമിനാരികളിലെ റെക്ടർമാർ, ദൈവശാസ്ത്ര പ്രഫസർമാർ, കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാർ എന്നിവർ ഏകദിന ദൈവശാസ്ത്ര സമ്മേളനത്തിൽ സംബന്ധിച്ചു.

## മണിപ്പുരിൽ സമാധാനത്തിന് സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമാകണം: മാർ കണ്ണൂക്കാടൻ



കൊച്ചി: മണിപ്പുരിൽ കലാപങ്ങൾ നിയന്ത്രിക്കാനും സമാധാനം ഉറപ്പാക്കാനും സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ടെന്നു കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ. മണിപ്പൂർ ജനതയോട് ഐക്യദാർഢ്യമറിയിച്ചു കെസിബിസിയുടെ ആഭിമുഖ്യത്തിൽ കലൂരിൽ നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ വിഭാഗം ജനങ്ങൾക്കും സ്വസ്ഥമായി ജീവിക്കാനാവുന്ന സാഹചര്യമുണ്ടാകേണ്ടത് ഏതൊരു രാജ്യത്തിന്റെയും അടിസ്ഥാന ആവശ്യമാണ്. നമ്മുടെ രാജ്യത്തിന്റെ ശക്തമായ മതേതര സങ്കല്പങ്ങൾ ലോക രാജ്യങ്ങൾക്കു മുന്നിൽ ഭാരതത്തിന്റെ യശസ് ഉയർത്തുന്നതാണ്. ഇതിനു വിഘാതമാകുന്ന സംഭവങ്ങളാണ് മണിപ്പൂരിലും മറ്റും നടക്കുന്നത്. മണിപ്പൂർ വിഷയത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകവും ഉചിതവുമായ ഇടപെടലുകൾ അടിയന്തിരമായി ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കെസിബിസി സെക്രട്ടറി ജനറൽ ബിഷപ് ഡോ. അലക്സ് വടക്കുംതല അധ്യക്ഷത വഹിച്ചു. ഡപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, സീറോമലബാർസഭ പിആർഒ റവ.ഡോ. ആന്റണി വടക്കേകര വിസി, കെസിഎംഎസ് പ്രസിഡണ്ട് ഡോ. സി. ആർദ്ര എസ്ഐസി കെഎൽസിഐ പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, ഫ്രാൻസിസ് മൂലൻ, ഫാ. ടോണി കോഴിമണ്ണിൽ, ബിജു ജോസി, ബെന്നി ആന്റണി, ലിബിൻ മുരിങ്ങത്ത്, ഫാ.സ്റ്റീഫൻ തോമസ് ചാലക്കര എന്നിവർ പ്രസംഗിച്ചു.

## ദിവ്യകാരുണ്യ കോൺഗ്രസ്: സംഘാടകസമിതി രൂപീകരിച്ചു

കൊച്ചി: കെസിബിസിയുടെ ആഭിമുഖ്യത്തിൽ കേരള സഭാ നവീകരണം 2022-25ന്റെ ഭാഗമായി ഡിസംബർ 1,2,3 തീയതികളിൽ വല്ലാർപാടം ബസിലിക്കയിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സംഘാടകസമിതി രൂപീകരണ സമ്മേളനം പാലാരിവട്ടം പിഒസിയിൽ നടന്നു. 18 കമ്മിറ്റികൾക്ക് സമ്മേളനം രൂപം നൽകി.

ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ ടോണി നീലങ്കാവിൽ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പള്ളി, റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, ഡോ. കെ.എം. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

## യുവാക്കൾക്ക് നാട്ടിൽ തന്നെ ജോലിസാധ്യതകൾ കണ്ടെത്തണം: –മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: കേരളത്തിൽ യുവാക്കൾ പഠനത്തിനും ജോലിക്കുമായി വിദേശത്തേക്ക് പോകുന്ന പ്രവണത കൂടിവരികയാണെന്നും ഇങ്ങനെ പോയാൽ ഭാവിയിൽ കേരളം വയോധികരുടെ നാടായി തീരുമെന്നുള്ള ആശങ്ക പങ്കുവച്ച് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. യുവാക്കൾക്ക് നാട്ടിൽ തന്നെ നല്ല ജോലിസാധ്യതകൾ കണ്ടെത്തുകയെന്നതാണ് ഇതിനൊരു പോംവഴിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2023 ജൂലൈ 26ന് നടന്ന സീറോമലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ് റിട്ടേണീസ് ഫോറത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദിനാൾ.



പ്രസിഡന്റ് ജേക്കബ് പൈനാടത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി ജോയ് തുമ്പശ്ശേരി സ്വാഗതവും ട്രഷറർ ജോർജ് ചാക്കോ നന്ദിയും പറഞ്ഞു. 2023-25 വർഷങ്ങളിലേക്ക് ജേക്കബ് പൈനാടത്ത് (പ്രസിഡന്റ്), തോമസ് ലോനപ്പൻ (ജനറൽ സെക്രട്ടറി), ജോർജ് ചാക്കോ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ 15 പേരടങ്ങുന്ന കമ്മിറ്റിയെ തെരഞ്ഞെടുത്തു. സീറോമലബാർസഭ കൂരിയാ ചാൻസലർ റവ. ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്.

## മുതലപ്പൊഴിയിലെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകണം: പ്രൊ ലൈഫ് അപ്പോസ്തലേറ്റ്

കൊച്ചി : മത്സ്യബന്ധനത്തിന് കടലിൽ പോയി ദാരുണമായ അന്ത്യം സംഭവിച്ച മുതലപ്പൊഴിയിലെ മത്സ്യതൊഴിലാളികുടുംബങ്ങൾക്ക് ധനസഹായം നൽകണമെന്ന് പ്രൊ ലൈഫ് അപ്പോസ്തലേറ്റ് സർക്കാരിനോട് ആവശ്യപ്പെട്ടു.ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സഹായധനങ്ങൾ പ്രഖ്യാപിക്കുന്ന പതിവ് നിലവിലുള്ളപ്പോൾ മുതലപ്പൊഴിയിൽ അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അർഹതപ്പെട്ട നഷ്ട്ടപരിഹാരം പ്രഖ്യാപിക്കുവാൻ വൈകുന്നതിൽ സീറോമലബാർസഭയുടെ പ്രൊ ലൈഫ് അപ്പോസ്തലേറ്റ് പ്രതിഷേധിച്ചു. കുടുംബത്തിന്റെ അത്താണിയായിരുന്ന ഗൃഹനാഥന്മാർ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തരമായി 20 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുവാൻ സർക്കാർ തയ്യാറാവണമെന്ന് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ് പറഞ്ഞു. മുതലപ്പൊഴിയിലെ മത്സ്യതൊഴിലാളികളുടെ ദുരവസ്ഥ പരിഹരിക്കുന്നതിന് ശാശ്വതമായ നടപടികൾ ആവശ്യപ്പെട്ട് പ്രതിഷേധസമരം നടത്തിയ ഫാ. യൂജിൻ പെരേര ഉൾപ്പെടെയുള്ളവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

# അടുത്ത ലോക യുവജന സമ്മേളനം ദക്ഷിണകൊറിയയിലെ സീയൂളിൽ

ലിസ്ബൺ: പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബൺ നഗരത്തിന് ആത്മീയപ്രഹർഷമേകി ആറു ദിവസമായി നടന്നുവന്ന 37-ാമത് ലോക യുവജന സമ്മേളനത്തിനു സമാപനം. സമാപനത്തോടനുബന്ധിച്ച് കാംപൊദെ ഗ്രാസായിൽ ഫ്രാൻസിസ് മാർപാപ്പയുടെ മുഖ്യകാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ ലോകമെങ്ങുംനിന്നുള്ള 15 ലക്ഷം യുവജനങ്ങൾ പങ്കെടുത്തു.



വിശുദ്ധ കുർബാന മധ്യേ നൽകിയ വചനസന്ദേശത്തിൽ ക്രിസ്തുസ്നേഹത്തിൻറെ വെളിച്ചം നിറയ്ക്കാൻ യുവജനങ്ങളെ മാർപാപ്പ ആഹ്വാനം ചെയ്തു. പ്രശോഭിക്കുക, കേൾക്കുന്നവരാകുക, ഭയപ്പെടാതിരിക്കുക. അനീതിയും അസ്വസ്ഥതയും ഉള്ളിടത്ത് ഭയപ്പാടില്ലാതെ ക്രിസ്തുസ്നേഹത്തിൻറെ വെളിച്ചം നിറയ്ക്കുന്നവരാകണം നിങ്ങൾ. ഇരുളകറ്റാൻ ഇന്ന് വെളിച്ചം വേണം. ക്രിസ്തുവിൻറെ വെളിച്ചത്തിൽ പ്രകാശിതരാകാൻ യുവാക്കൾക്ക് കഴിയണം. സ്നേഹത്തിൻറെ വഴി പഠിപ്പിക്കുന്ന ക്രിസ്തുവിനെ കേൾക്കുന്നവരാകുക. ലോകത്തെ മാറ്റിമറിക്കാൻ വിളിക്കപ്പെട്ടവരാണ് നിങ്ങൾ. നിങ്ങളാണ് ഭൂമിയുടെ മണ്ണും വെള്ളവും. ലോകത്തിൻറെ ഇന്നും നാളെയും നിങ്ങളാണ്. ഭയം കൂടാതെ ഭൂമിയെ കെട്ടിപ്പടുക്കുന്നവരാകണം. മാർപാപ്പ യുവതീയുവാക്കളോട് പറഞ്ഞു.

അടുത്ത ആഗോള യുവജന ദിനാഘോഷം 2027ൽ ദക്ഷിണ കൊറിയയിലെ സീയൂളിൽ നടക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള യുവജന പ്രതിനിധിസംഘം ഈ പ്രഖ്യാപനത്തെ നീണ്ട കരഘോഷത്തോടെയാണു സ്വീകരിച്ചത്. മൂന്നു പതിറ്റാണ്ടിനുശേഷമാണ് കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആഗോള യുവജന സമ്മേളനത്തിന് ഏഷ്യൻ ഭൂഖണ്ഡം വേദിയാകുന്നത്. 2025ൽ റോമിൽ നടക്കുന്ന യുവജന മഹാജൂബിലിയിലേക്ക് എല്ലാവരെയും മാർപാപ്പ സ്വാഗതം ചെയ്തു.

വിശുദ്ധ കുർബാനയിൽ 700 ബിഷപ്പുമാരും 10,000 വൈദികരും സഹകാർമികരായിരുന്നു. ലിസ്ബണിലെ ദാസ് നാസ് പാർക്കിനും ട്രാൻകാവോ നദിക്കും ഇടയിൽ സ്ഥിതിചെയ്യുന്ന ഹരിതാഭമായ തേജോ പാർക്കിൽ ശനിയാഴ്ച നടന്ന നിശാ ജാഗരണ പ്രാർഥനയ്ക്കുശേഷം അവിടെത്തന്നെയാണു ലക്ഷക്കണക്കിനു വരുന്ന യുവജനങ്ങൾ ഉറങ്ങിയത്. തുടർന്ന് പ്രഭാത പ്രാർഥനയ്ക്കുശേഷം സമാപന വിശുദ്ധ കുർബാന നടന്ന കാംപൊദെ ഗ്രാസാ മൈതാനിയിലേക്കു നീങ്ങി. ശനിയാഴ്ച രാത്രിയിൽ നടന്ന ജാഗരണപ്രാർഥനയിൽ ഫ്രാൻസിസ് മാർപാപ്പ പങ്കെടുത്തു. വീഴാൻ സാധ്യതയുള്ള കാലഘട്ടമാണ് യുവത്വം.

സ്നേഹിക്കുന ദൈവത്തിന്റെ കരുതലിൽ വീണിടത്തുനിന്ന് എണീക്കാനും വീണവനെ എഴുന്നേൽപ്പിക്കാനും ശ്രമിക്കുന്നവരാണ് ക്രിസ്തു അനുയായികൾ. സന്തോഷിക്കുക, എഴുന്നേൽക്കുക, അനുഗമിക്കുക എന്നീ വാക്കുകളാണ് പ്രേഷിതത്വത്തിൻറെ അടിസ്ഥാനം ജാഗരണപ്രാർഥനയ്ക്ക് ആമുഖമായി നൽകിയ സന്ദേശത്തിൽ മാർപാപ്പ പറഞ്ഞു. ആത്മീയപരിപാടികൾക്കൊപ്പം വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും ആത്മീയ സംഗീത വിരുന്നും യുവജനസമ്മേളനത്തെ വർണാഭമാക്കി. കേരളത്തിൽ ആരംഭിച്ച് പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ട അല്മായ പ്രസ്ഥാനമായ ജീസസ് യൂത്തിൻറെ അഞ്ച് ബാൻഡുകൾ വിവിധ സ്റ്റേജുകളിലായി പത്തു സംഗീതവിരുന്നുകൾ അവതരിപ്പിച്ചു. യുഎഇയിൽനിന്നുള്ള മാസ്റ്റർ പ്ലാൻ, ഇൻസൈഡ് ഔട്ട്, യുകെയിൽനിന്നുള്ള 99.വൺ, ഇന്ത്യയിൽ സജീവമായ ആക്ട് ഓഫ് അപ്പോസൽ, വാക്സ് ക്രിസ്റ്റി എന്നീ ബാൻഡുകൾ ലോകയുവതയുടെ മനംകവർന്നു.





43 മേജർ ഡിപ്പാർട്ട്മെന്റുകൾ
അഡ്വാൻസ്ഡ് ടെക്നോളജികൾ
ലോകോത്തര സൗകര്യങ്ങൾ
24x7 എമർജൻസി കെയർ
വിദഗ്ധ ഡോക്ടർമാർ
ബെസ്റ്റ് നഴ്സിംഗ് കെയർ

CARITAS HOSPITAL, THELLAKOM, KOTTAYAM - 686630 | 0481 6811110

SPREADING THE RADIANCE OF GOOD HEALTH AND HAPPINESS



Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.